## (12). ചന്ദനപ്പള്ളി സെന്റ് ജോർജ് കത്തോലിക്കാ തീർത്ഥാടന ദേവാലയത്തിന്റെ ലഘുചരിത്രം

## (കോട്ടപ്പള്ളി മുതൽ തീർത്ഥാടനപ്പള്ളി വരെ, 1930 – 2019 )

മലങ്കര പുനരൈക്യത്തിന്റെ ആദ്യ നാളുകളിൽ തന്നെ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ തൃക്കയ്യാൽ സ്ഥാപിതമായ മലങ്കരയിലെ പ്രസിദ്ധമായ ചന്ദനപ്പള്ളി ദേവാലയത്തിന് മഹിതമായ ഒരു ചരിത്രസാക്ഷ്യമുണ്ട്. കോട്ടപ്പള്ളിയെന്ന ആദ്യ ചാപ്പലും, ൨൦ം ചാപ്പലെന്നറിയപ്പെടുന്ന രണ്ടാമത്തെ ദേവാലയവും അഭിവന്ദ്യ ഇവാനിയോസ് പിതാവ് ആശീർവദിച്ചവയാണ്. പുത്തൻ പള്ളിയായ ജംഗ്ഷനിലെ പള്ളി പുണ്യശ്ലോകനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവാണ് 1968-ൽ കൂദാശചെയ്തത്. അന്ന് മലങ്കര കത്തോലിക്കാ സഭയിലെ ഏറ്റവും വലിയ പള്ളിയായി വലുപ്പത്തിലും, ശില്പഭംഗിയിലും അംഗീകരിക്കപ്പെട്ടിരുന്നു. 2006 മെയ് 7-ന് ഭാഗ്യസ്മരണാർഹനായ മലങ്കര മേജർ ആർച്ചു ബിഷപ്പ് സിറിൾ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവ തീർത്ഥാടനപ്പള്ളിയായി പ്രഖ്യാപിച്ചതോടെ ചന്ദനപ്പള്ളി പള്ളി, കത്തോലിക്കാ സഭയുടെ പൊതുസ്വത്തായിത്തീർന്നു.

ഇന്നും രൂപഭംഗിയിലും, വലുപ്പത്തിലും മലങ്കരയിലെ പ്രധാനപ്പെട്ട സെന്റ് ജോർജ്ജിയൻ തീർത്ഥാടനപ്പള്ളിയായി ചന്ദനപ്പള്ളിപള്ളി നിലകൊള്ളുന്നു. 2021 ആഗസ്റ്റ് 14-ന് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് മലങ്കരയിലെ 8 പിതാക്കന്മാരുടെ സഹകരണത്തിൽ മൂറോൻ കൂദാശ ചെയ്തതോടെ ചന്ദനപ്പള്ളി പ്രത്യേക പദവിയിൽ പ്രകീർത്തിതമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. നവതിയോടടുക്കുന്ന ഇടവകയുടെ ചരിത്ര ത്താളുകളിൽ ദൈവപരിപാലനയുടെ കൈയൊപ്പുകൾ ധാരാളമായി പതിഞ്ഞിട്ടുണ്ട്.

### ചന്ദനപ്പള്ളിയുടെ പൗരാണികപ്പെരുമ

ചന്ദനപ്പള്ളി ദേവാലയ ചരിത്രത്തിന് ദേശവുമായി വേറിട്ടു നിൽക്കാനാവില്ല. ചിര പുരാതനമായ ഒരു സംസ്കാരത്തിന്റെ തിരുശേഷിപ്പുകളാൽ സമ്പന്നമാണ് ചന്ദനപ്പള്ളി ഗ്രാമം. മധ്യ തിരുവിതാംകൂറിലെ പ്രമുഖമായ ക്രൈസ്തവതീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ് ചന്ദനപ്പള്ളി. ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച നിലയ്ക്കൽപള്ളി പത്തനംതിട്ട ജില്ലയിലായിരുന്നു സ്ഥിതി ചെയ്തിരുന്നത്. അവിടെ നിന്നും കാലാന്തരത്തിൽ ക്രൈസ്തവർ കടമ്പനാട്, തുമ്പമൺ ദേശങ്ങളിലേക്ക് കുടിയേറിവന്നുവെന്ന് ഐതിഹ്യമുണ്ട്. ലഭ്യമായ ചില ചരിത്രരേഖകൾ ഇക്കാര്യം സ്ഥിരീകരിക്കുന്നു. ചന്ദനപ്പള്ളിയിലെ ആദ്യത്തെ ക്രൈസ്തവ കുടിയേറ്റം കടമ്പനാട്, തുമ്പമൺ ദേശങ്ങളിൽ നിന്നാണ് പ്രബലപ്പെട്ടത്.

ക്രിസ്തു വർഷം ഒന്നാം നൂറ്റാണ്ടിൽ ചേരസാമ്രാജ്യത്തിലും 8,9, നൂറ്റാണ്ടുകളിൽ ചെന്നീർക്കര സ്വരൂപത്തിലും, 18-19 നൂറ്റാണ്ടുകളിൽ തിരുവിതാംകൂർ രാജ്യത്തിലും, സ്വതന്ത്രകേരളത്തിൽ കൊല്ലം ജില്ലയിലും ഉൾപ്പെട്ടിരുന്ന ഗ്രാമം. ഇപ്പോൾ പത്തനംതിട്ട ജില്ലാ ആസ്ഥാനത്തു നിന്നും അടൂർ നഗരത്തിൽ നിന്നും 10 കി. മീറ്റർ മാത്രം അകലത്തിൽ, പത്തനംതിട്ട -അടൂർ റോഡിന്റെ മധ്യഭാഗത്തുള്ള സ്ഥലം.

ഒരു പദത്തിന് ഒരു ജനതയുടെ ഗത-സ്ഥിതകാല ചരിത്രം മുഴുവനും ഉന്മീലനം ചെയ്യാനാകും. ചന്ദനവും പള്ളിയും പവിത്രതയുടെ പ്രതീകങ്ങളാണ്.ചന്ദനം സർവ്വാംഗ സുഗന്ധവാഹിയാണ്. വെട്ടുമ്പോഴും, ഉരസുമ്പോഴും, കത്തുമ്പോഴും പരിമളം പ്രസരിപ്പിക്കുന്ന 'ദേവദാരു'. സ്വജീവിതം അന്യർക്കു കുളിർമ നൽകുന്നതിൽ ആത്മനിർവൃതിയടയുന്ന ദേവവൃക്ഷം. ഭാരതേതിഹാസങ്ങളിലും, വി. ബൈബിളിലും ചന്ദനത്തെക്കുറിച്ച് പരാമർശങ്ങളുണ്ട്. ഇപ്രകാരം ചരിത്രത്തിന്റെ പ്രഭാതവേളയിൽ പ്രകീർത്തിതമായ ചന്ദനം ഒരുനാട്ടു പേരിന്റെ ആദ്യവാക്കായി വരുമ്പോൾ ചന്ദനപ്പള്ളിക്കാർക്ക് ആത്മാഭിമാനത്തിന്റെ തലയെടുപ്പുണ്ടാകും.

പള്ളിയെന്ന പദം ബുദ്ധമതബന്ധിയാണ്. ബുദ്ധ വിഹാരമുൾക്കൊള്ളുന്ന പള്ളിക്കൂടത്തെ സൂചിപ്പിക്കുന്നു. ആലപ്പുഴ, പത്തംനംതിട്ട, കൊല്ലം ജില്ലകളിൽ പള്ളി ചേർന്ന് സ്ഥലപ്പേരുള്ള നിരവധി സ്ഥലങ്ങളുണ്ട്.

ഇവിടെയെല്ലാം ബുദ്ധമത കേന്ദ്രങ്ങളുണ്ടായിരുന്നുവെന്ന് ചരിത്രപഠിതാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. ചന്ദനപ്പള്ളിയിലെ കോട്ടപ്പള്ളി, കൊടുമൺ പ്ലാന്റേഷനിലെ ഭൂമി തുടങ്ങിയ ഇടങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ബുദ്ധവിഗ്രഹങ്ങളും കല്ലുകളും മറ്റും ചന്ദനപ്പള്ളിയിലും ബുദ്ധ വിഹാരമുണ്ടായിരുന്നുവെന്നു തെളിയിക്കുന്ന വസ്തുതകളാണ്. (ഇവ തിരുവനന്തപുരത്തെ ചരിത്ര മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.) ചന്ദനമരങ്ങൾ നിറഞ്ഞ പള്ളിയെന്ന പേരിൽ ചന്ദനപ്പള്ളിയെന്ന പദത്തിന്റെ നിഷ്പത്തി വ്യാഖ്യാനിക്കുന്ന ചരിത്രഗവേഷകരുടെ അഭിപ്രായം അംഗീകരിക്കാം.

പ്രാചീന കേരളപഠിതാക്കളുടെ അക്ഷയഖനിയായി സംഘ കാലകൃതികളിൽ കപിലർ-(പതിറ്റുപ്പത്ത്) പരാമർശിച്ചിട്ടുള്ള കൊടുമണ്ണും (സ്വർണ്ണ ഭൂമിയും), പൊന്നെടുത്താംകുഴിയെന്ന ചന്ദനപ്പള്ളിയുടെ പ്രവേശന കവാടവും, തട്ടാശ്ശേരിത്തറവാടും മറ്റും ചന്ദനപ്പള്ളിയുടെ പ്രാചീനത വെളിവാക്കുന്ന സൂചിതനാമങ്ങളാണ്. എ. ഡി. 1 മുതൽ 5 വരെ നൂറ്റാണ്ടുകളിൽ കേരളം ചേരസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. അക്കാലത്ത് രചിക്കപ്പെട്ട ചരിത്ര പുസ്തകമാണ് സംഘകാലകൃതികൾ. തമിഴ്നാട്ടിൽ നിന്നും മധുര-തെങ്കാശി-ചെങ്കോട്ട-പുനലൂർ-മാവേലിക്കര-ആലപ്പുഴ തുറമുഖത്തേക്കുള്ള പ്രധാനപാത ചന്ദനപ്പള്ളിയിലൂടെ കടന്നു പോയിരുന്നു. ചന്ദനപ്പള്ളിപാലവും, വണികവൈശ്യത്തെരുവങ്ങാടിയും, കൽക്കുരിശും, വണ്ടിപ്പുരമുക്കും, ചുമടുതാങ്ങിയും മറ്റും ഈ പാതയുടെ ചരിത്ര പ്രാധാന്യത്തെ ന്യായീകരിക്കുന്നവയാണ്.

ആശ്ചര്യ ചൂഡാമണിയുടെ കർത്താവായ ശക്തിഭദ്രരാജാവിന്റെ, ചെന്നീർക്കര നാട്ടുരാജ്യത്തിന്റെ മൺകോട്ട ചന്ദനപ്പള്ളിയിൽ സ്ഥിതി ചെയ്തിരുന്നു. കാലംമായ്ക്കാത്ത ചരിത്രസ്മാരകം ഇപ്പോൾ മലങ്കര കത്തോലിക്കാ സഭയുടെ ആദ്യദേവാലയം സ്ഥിതി ചെയ്തിരുന്ന കോട്ടപ്പള്ളി സെമിത്തേരിയാണ്. കോപ്പറ, കുതിരാലയം, അങ്ങാടിത്തെരുവ് തുടങ്ങിയവ കോട്ടയുടെ ഭാഗമായുണ്ടായിരുന്ന ഇടങ്ങളാണ്. ഇപ്പോഴും നിലനിൽക്കുന്ന കുടുംബപ്പേരുകളിൽ (കൊപ്പാറ, ആലുംമൂട്ടിൽ, പണ്ടകശാല, കോയിക്കലേത്ത്, പീടികപ്പറമ്പ്) ഇവയുടെ സൂചനകളുണ്ട്. ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട് ക്രൈസ്തവ, മുസ്ലിം കുടുംബങ്ങളെ ശക്തിഭദ്രൻ ഇവിടേക്ക് കുടിയേറ്റുവാൻ തയ്യാറായി എന്ന് ഐതിഹ്യമുണ്ട്. പെരുമല, ഉമ്മാടയ്യത്ത്, ആദീനംപറമ്പിൽ തുടങ്ങിയ കുടുംബപ്പേരുകൾ ഇക്കാര്യം വ്യക്തമാക്കുന്നു. അന്നു മുതൽ ഇവിടെ നിലനിന്നിരുന്ന മതസൗഹാർദതയ്ക്ക് അടിത്തറയിട്ടത് ശക്തിഭദ്രനായിരുന്നു.

പിൽക്കാലത്ത് ശക്തിഭദ്രന്റെ പിൻഗാമികൾക്ക് രാജ്യം നഷ്ടപ്പെടുകയോ മാർത്താണ്ഡവർമ്മയ്ക്കു കൈമാറുകയോ ചെയ്തിട്ടുണ്ടാകാം. മാർത്താണ്ഡവർമ്മയും, വേലുത്തമ്പി ദളവയും ഈ മൺകോട്ടയിൽ ഒളിവിൽ പാർത്തിരുന്നതായി ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവരുടെ എണ്ണം വർധിച്ചു വന്നതോടെ ഇവിടെ ഒറ്റക്കൽ കുരിശ് സ്ഥാപിക്കപ്പെട്ടു. കുരിശിന് മുന്നൂറോളം വർഷം പഴക്കമുണ്ടെന്ന് കരുതപ്പെടുന്നു. 125 വർഷം പഴക്കമുള്ള യാക്കോബായ വലിയപള്ളിയാണിവിടെ സ്ഥാപിച്ച ആദ്യ ദേവാലയം. ഇത് പിന്നീട് ഓർത്തഡോക്സ് വിഭാഗത്തിന്റേതായിത്തീർന്നു. സെന്റ്തോമസ് ഓർത്തഡോക്സ് കൊച്ചുപള്ളിയും, 1930 ഡിസംബറിൽ കോട്ടപ്പള്ളിയിൽ സ്ഥാപിക്കപ്പെട്ട കത്തോലിക്കാപ്പള്ളിയുടെ ആദ്യ ചാപ്പലും, 1950-ൽ കൂദാശ ചെയ്യപ്പെട്ട മഠം ചാപ്പലും, 1968-ൽ ഡിസംബറിൽ കൂദാശ ചെയ്ത ജംഗ്ഷനിലെ കത്തോലിക്കാപ്പളളിയും ചന്ദനപ്പള്ളിയിലെ ക്രൈസ്തതവരുടെ നിറഞ്ഞ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നവയാണ്. വലിയപള്ളി ആഗോള തീർത്ഥാടനപ്പള്ളിയായും, ജംഗ്ഷനിലെ കത്തോലിക്കാപ്പള്ളി മലങ്കരയിലെ തീർത്ഥാടനപ്പള്ളിയായും ഏറെ പ്രസിദ്ധി നേടിയിട്ടുണ്ട്. ഇരു പള്ളികളിലും മെയ് 1 മുതൽ 8 വരെ തീയതികളിൽ വി. ഗീവർഗീസ് സഹദായുടെ തിരുനാൾ ഗ്രാമത്തിന്റെ ദേശോത്സവമായിട്ടാണ് ആചരിച്ചു വരുന്നത്. അങ്ങനെ ചന്ദനപ്പള്ളി മധ്യ തിരുവിതാംകൂറിലെ ഏറെ പ്രസിദ്ധമായ ക്രൈസ്തവ തീർത്ഥാടന ഗ്രാമമായി മാറി.

## ഇടവകയുടെ ആരംഭം

ക്രാന്തദർശിയായ ബഥനി മെത്രാപ്പോലീത്താ മാർ ഇവാനിയോസ് 1930 ആഗസ്റ്റ് 19 ന് മുണ്ടൻ മലയിൽ നിന്നും പടിയിറങ്ങുന്നതിനു മുമ്പേതന്നെ ചന്ദനപ്പള്ളിയിലെ യാക്കോബായ സഭാ വിശ്വാസികളിൽ ഏതാനും പേർ പുനരൈക്യത്തിന്റെ പാതയിൽ സഞ്ചരിക്കുന്നവരായിരുന്നു. ദീർഘദർശനമെന്നപോലെ തെങ്ങുവിളയിൽ കുഞ്ചാണ്ടി, കുറ്റിയിൽ ഉണ്ണൂണ്ണി, അയ്യനേത്ത് ഫിലിപ്പ് സാർ എന്നിവർ ചേർന്ന് ചെന്നീർക്കര സ്വരൂപത്തിന്റെ പ്രസിദ്ധമായ 'മൺകോട്ട പുരയിടം' (ചേപ്പാട് റമ്പാച്ചന്റെ ആത്മകഥയിൽ പരാമർശിക്കപ്പെട്ടത്) 14/08/1930-ൽ വിലയ്ക്കുവാങ്ങി, അവിടെ ഒരു ഷെഡ് വച്ചു. ഈ ഷെഡ് വലിയപള്ളിയുടെ തീവെന്ത മേൽക്കൂര കൊണ്ടാണ് നിർമ്മിക്കപ്പെട്ടതെന്നത് അതിശയകരമായി തോന്നാം. പക്ഷേ അത് ദൈവനിശ്ചയമായിരുന്നു. മാർ ഇവാനിയോസ് തിരുമേനി 1930 സെപ്റ്റംബർ 20-ന് കൊല്ലം ലത്തീൻ അരമനയിലെത്തി സഭാശ്ലേഷം നടത്തി. അടുത്ത നാളുകളിൽത്തന്നെ ചന്ദനപ്പള്ളി ഇടവകയും സ്ഥാപിക്കുവാനുള്ള ഒരുക്കങ്ങളാരംഭിച്ചു.

പന്തളം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കർമ്മലീത്താ വൈദികൻ ഫാ.ഗ്രിഗറിയുടെ സ്വാധീനം, നരിയാപുരം യാക്കോബാ ഇടവകാംഗമായിരുന്ന അയ്യനേത്ത് ഫിലിപ്പ് സാറിനെ പുനരൈക്യംവരെ കാത്തുനിൽക്കുവാൻ ക്ഷമയില്ലാതെ കത്തോലിക്കാ സഭയിൽ ചേരുവാൻ നിർബന്ധിക്കപ്പെട്ടു എന്നതാണ് സത്യം. അദ്ദേഹം 1926-ൽ കൊല്ലം ലത്തീൻ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ബെൻസിഗർ തിരുമേനിയുടെ മുമ്പാകെ പുത്തൻപീടികയിലെ, പീടികയിൽ ഗീവർഗീസ് അച്ചന്റെയൊപ്പം പുനരൈക്യപ്പെട്ടു. ഫിലിപ്പ് സാറിന്റെ ബന്ധുവായ കുറ്റിയിലുണ്ണൂണ്ണിച്ചനും ഫാ.ഗ്രിഗറിയുമായി സമ്പർക്കത്തിലായിരുന്നു. ഒരിക്കൽ യാത്രാമധ്യേ വെള്ളപ്പൊക്കം കാരണം അദ്ദേഹം കുറ്റിയിലെ ഉണ്ണൂണ്ണിച്ചന്റെ ആതിഥ്യത്തിൽ പുത്തൻപുരയ്ക്കൽ മത്തായിയുടെ വനത്തിൽ താമസിച്ച് വിശുദ്ധ കുർബാനയർപ്പിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ ചന്ദനപ്പള്ളിയിൽ നിന്നുള്ള വിശ്വാസികൾ മാക്കാംകുന്ന് കൺവൻഷനിൽ പതിവായി പങ്കെടുക്കുകയും ബഥനി മെത്രാപ്പോലിത്തായുടെ ധ്യാനപ്രസംഗത്തിൽ ആകൃഷ്ടരായി പെരുനാട് ആശ്രമം സന്ദർശിക്കുകയും ചെയ്തിരുന്നു. പുനരൈക്യത്തിന്റെ ദിവസങ്ങളിലേക്കുള്ള പ്രയാണം അടുത്തിരിക്കുന്നത് മനസ്സിലാക്കിയ തെങ്ങുവിള കുഞ്ചാണ്ടി, കുറ്റിയിൽ ഉണ്ണൂണ്ണി തുടങ്ങിയവർ ചന്ദനപ്പള്ളിയിലും ഈ പരിശ്രമങ്ങൾക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. ഇവരോടൊപ്പം അയ്യനേത്ത് ഫിലിപ്പ് സാറും, തോമാസാറും, അക്കര പെരുമല ഗീവർഗീസും, കുളത്തിനാൽ ഉമ്മൻകോശിയും, എണ്ണശ്ശേരിൽ ഗീവർഗ്ഗീസും മുൻനിര പ്രവർത്തകരായി നിലകൊണ്ടു.

## കോട്ടപ്പള്ളി

കോട്ടപ്പുരയിടത്തിൽ കെട്ടിയുണ്ടാക്കിയ ചാപ്പൽ കൂദാശയ്ക്കായി തിരുമേനിയെ വരുത്തുന്നതിന് വഴി ക്രമപ്പെടുത്തുന്നതായിരുന്നു അടുത്ത കടമ്പ. ഇവിടെ നിന്നും പടിഞ്ഞാറോട്ടുള്ള വഴി വെട്ടുന്നതിന് തടസ്സം നിന്നവർ വടക്കേക്കര മോളുമുരുപ്പേൽ കുടുംബവും, കൊപ്പാറ ചാക്കോച്ചനും മാത്രമായിരുന്നു. വഴിവെട്ടി വന്നപ്പോൾ ഇരുവരും സ്വമനസ്സാ സമ്മതിച്ച് റോഡ് പൂർത്തിയാക്കാൻ സഹായിച്ചു. അങ്ങനെ റോഡ് വെട്ടി. ആ റോഡിലൂടെ മാർ ഇവാനിയോസ് തിരുമേനിയും, മാർ തെയോഫിലോസ് തിരുമേനിയും രണ്ടു റമ്പാച്ചൻമാരും കാറിൽ സഞ്ചരിച്ച് കോട്ടപ്പള്ളിയിലെത്തി. മറ്റു വൈദികരും എത്തിയിരുന്നു. തെങ്ങുവിള കുഞ്ചാണ്ടി, കുറ്റിയിൽ ഉണ്ണൂണ്ണി എന്നിവരുടെ കുടുംബങ്ങളെ തിരുമേനി സഭാംഗങ്ങളായി ചേർത്തു. കുറ്റിയിൽ ഉണ്ണൂണ്ണിച്ചന്റെ മകന്റെ (ഫാ.ജോർജ്ജിന്റെ) മാമോദീസയും പിതാവാണ് നിർവഹിച്ചത്. ഇത് 1930 ഡിസംബർ 24 ശനിയാഴ്ചയായിരുന്നു. കുളത്തിനാൽ കോശി, വടക്കേക്കര ഫിലിപ്പോസ്, ആദീനംപറമ്പിൽ ഗീവർഗീസ്, വിളയിൽ ഗീവർഗീസ് തുടങ്ങിയവർ സഭാംഗങ്ങളായത് 1931 ജനുവരി മാസത്തിൽ പുത്തൻപീടിക പള്ളിയിൽ വച്ചായിരുന്നു. 1931 മാർച്ചിലെ ഹാശായാഴ്ച ശുശ്രൂഷകൾ ചേപ്പാട് റമ്പാച്ചൻ ചാപ്പലിൽ താമസിച്ചു കൊണ്ടാണ് നിർവ്വഹിച്ചത്.

1932-ൽ പെരുമല തോമസച്ചനും, ഓമല്ലൂർ നിന്നുള്ള സക്കറിയാസ് എഴിയത്തച്ചനും ഒന്നിച്ചാണ് കോട്ടപ്പള്ളിയിൽ വച്ച് മാർ ഇവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപതിജ്ഞ ചെയ്ത് പുനരൈക്യപ്പെട്ടത്.

പെരുമല തോമസച്ചന്റെകൂടെ പെരുമല, തെങ്ങുവിള, പവ്വത്ത് പടിഞ്ഞാറ്റേതിൽ, ഇലവിനാൽ, തുണ്ടിൽ, പൂവണ്ണുംവിളയിൽ, കാഞ്ഞിരത്തുംമൂട്ടിൽ, പുത്തൻപുരയ്ക്കൽ കുടുംബങ്ങളിലെ നിരവധിപ്പേർ ഒന്നിച്ചാണ് പുനരൈക്യപ്പെട്ടത്. പെരുമലയച്ചന്റെ പുനരൈക്യം ചന്ദനപ്പള്ളി ഇടവകയ്ക്ക് പുത്തനുണർവ്വുണ്ടാക്കി. അയ്യനേത്ത് ഫിലിപ്പ് സാറിന്റെ സ്വാധീനത്തിൽ കുടമുക്ക് ഭാഗത്ത് കൈപ്പട്ടൂർ, നരിയാപുരം യാക്കോബായ പള്ളികളിൽ നിന്നുള്ള നിരവധിപ്പേർ ഈ കാലഘട്ടത്തിൽ ഇടവകാംഗങ്ങളായി. മാംതരേത്ത്, തൈപ്ലാവിളയിൽ, കുന്നത്തേത്ത്, കുഴിഞ്ഞയ്യത്ത്, മങ്ങാട്ടുമഠത്തിൽ, കാവിൽ, മഠത്തിൽ തെക്കേതിൽ, ചരുവിളയിൽ, കൊല്ലന്റയ്യത്ത് തുടങ്ങിയ കുടുംബങ്ങൾ ഇവരിൽ ഉൾപ്പെടുന്നു. ഇതിൽപ്പെട്ട ഏതാനും കുടുംബങ്ങൾ പിൽക്കാലത്ത് വിവാഹം തുടങ്ങിയ കാരണങ്ങളാൽ യാക്കോബായ സഭയിലേക്ക് തന്നെ തിരിച്ചുപോയി. പക്ഷേ നിലവിൽ കുഴിഞ്ഞയ്യത്ത് കിഴക്കേതിൽ സ്കറിയാ, കുഴിഞ്ഞയ്യത്ത് മത്തായി, കുഴിഞ്ഞയ്യത്ത് ഉണ്ണൂണ്ണി, തൈപ്ലാവിള കുരുവിള, ചരുവിളയിൽ യോഹന്നാൻ, കാവിൽ കിഴക്കേക്കര വർഗീസ്, പള്ളിയമ്പിൽ ഗീവർഗീസ്, കാവിൽ കൊച്ചുമ്മൻകോശി, ജോർജ് എന്നീ പിതാക്കൻമാരുടെ തലമുറകൾ കത്തോലിക്കാ സഭയിൽത്തന്നെ നിലകൊള്ളുന്നു.

ആദ്യവികാരിയായി ഫാ.സക്കറിയാസ് എഴിയത്ത് നിയമിക്കപ്പെട്ടു. 1932-42, 1948-49 എന്നീ കാലയളവിൽ ഏഴിയത്ത് സഖറിയാസച്ചനും 1943-48 കാലത്ത് തോമസ് പെരുമലയച്ചനും വികാരിമാരായിരുന്നു. ഫാ.ഗീവർഗ്ഗീസ് പീടികയിൽ 49-51 വർഷങ്ങളിലും, ഫാ.തോമസ് കൈതനാൽ 1952-55 വരെയും, ഫാ.ആന്റണി കേളംപറമ്പിൽ 1955-1976 വരെയും വികാരിമാരായിരുന്നു. കോട്ടപ്പള്ളിയിൽ വെച്ചുതന്നെ സണ്ടേസ്കൂൾ, പെരുന്നാൾ, പ്രസംഗയോഗം തുടങ്ങിയവ സമാരംഭിച്ചിരുന്നു. അയ്യനേത്ത് ഫിലിപ്സാർ, തോമാസാർ, കുറ്റിയിൽ മത്തായിസാർ, എണ്ണശ്ശേരിൽ അന്നമ്മ, കുളത്തിനാൽ ഉമ്മൻകോശി എന്നിവർ ആദ്യത്തെ സൺഡേസ്കൂൾ അധ്യാപകരായിരുന്നു. വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ മേടം 23-നും, 24-നും നടത്തുക പതിവാക്കി. കൊടിമരം, റാസ, കുട, കൊടി, ചെണ്ട-ബാന്റുമേളം, അപ്പം-പഴം നേർച്ച, ചോറ് നേർച്ച എന്നിവ ഇവിടെ പെരുന്നാൾ ചടങ്ങുക ളായിരുന്നു. റാസ ജംഗ്ഷൻ ചുറ്റി പാലം വരെ നടത്തിയിരുന്നു.

## മഠം കുരിശ്ശടി, ചാപ്പൽ

ഏകദേശം 15 വർഷത്തോളം വി.കുർബാന കോട്ടപ്പള്ളിയിൽ നടത്തിവന്നിരുന്നു. മെയിൻ റോഡിനരികിലായി മത്തായിപ്പറമ്പിൽ വസ്തു വാങ്ങുകയും ഒരു കുരിശടിയ്ക്കായി ശ്രമിയ്ക്കുകയും ചെയ്തു. ഏറെ എതിർപ്പുകൾ കുരിശടിവെയ്ക്കുന്നതിലുമുണ്ടായി. കോടതി കേസുണ്ടാകുകയും അതിന്റെ നടത്തിപ്പിനായി ഏറെനാൾ കാത്തിരിക്കുകയും ചെയ്തു. അറസ്റ്റു വാറണ്ടുള്ളതിനാൽ വികാരിയായിരുന്ന ഫാ. തോമസ് പെരുമല ഒന്നരമാസത്തോളം പാലാ അരമനയിൽ താമസിക്കേണ്ടിവന്നു. ഒടുവിൽ കുരിശുസ്ഥാപിച്ച് അവിടെ പ്രാർത്ഥനയ്ക്കും ഒക്ടോബർ മാസത്തെ ജപമാല പ്രാർത്ഥനയ്ക്കും തുടക്കം കുറിച്ചു. അഭിവന്ദ്യ ഇവാനിയോസ് തിരുമേനി പുത്തൻപീടികയിൽ വന്നപ്പോൾ കുളത്തിനാൽ ഉമ്മൻ കോശി, പൂവണ്ണുംവിള പത്രോസ്, കാഞ്ഞിരത്തും മൂട്ടിൽ തോമസ്, തെങ്ങുവിള കൊച്ചാണ്ടി, അയ്യനേത്ത് തോമാ സാർ തുടങ്ങിയേതാനും പേർ നേരിട്ടു കണ്ട് "ഞങ്ങൾ ചന്ദനപ്പളളി വലിയപള്ളിയിൽ നിന്നും വന്നവരാണ്. ഞങ്ങൾക്ക് ഒരു പള്ളിവച്ചുതരണമെന്നപേക്ഷിച്ചു". പിതാവ് മറുപടി നൽകി, "ചന്ദനപ്പളളി വലിയപള്ളി അകത്തിരിക്കത്തക്കവണ്ണമുള്ള ഒരു പള്ളി നിങ്ങൾക്കു പണിയിപ്പിച്ചുതരാമെന്ന്" പറഞ്ഞാശ്വസിപ്പിച്ചയച്ചതോടൊപ്പം തെരുവിൽ പുരയിടത്തിൽ ഒരു രണ്ടു നിലകെട്ടിടം പണിയുന്നതിന് 2 രൂപ ആശാരിക്കു ദക്ഷിണ നൽകാനായി അദ്ദേഹം സംഭാവന നൽകി. അന്തോണി മേശിരിയാണ് കുരിശും കെട്ടിടവും പണിതത്. മൈലപ്ര ഏബ്രഹാമച്ചനും, പെരുമല തോമസ്സച്ചനുമായിരുന്നു പണിക്ക് നേതൃത്വം വഹിച്ചത്. 1950 ഏപ്രിൽ മാസത്തിൽ (16/4/1950) ചാപ്പലും കെട്ടിടവും അഭിവന്ദ്യ ഇവാനിയോസ് തിരുമേനി കൂദാശ ചെയ്തു. തുടർന്ന് കെട്ടിടത്തിന്റെ രണ്ടാം നിലയിൽ വി.കുർബാനയർപ്പിച്ചു തുടങ്ങി.

വന്ദ്യ ഗീവർഗീസ് പീടികയിലച്ചൻ 1950-51 ൽ കെട്ടിടത്തിൽ താമസിച്ച് കുർബാന ചൊല്ലിയിരുന്നു. മഠം ചാപ്പലിലായിരുന്നു പിന്നീടുളള പെരുന്നാളും സണ്ടേസ്കൂളുമെല്ലാം നടത്തിയിരുന്നത്. ലീജിയൻ, സൊഡാലിററി

സംഘടനകൾ അന്നു മുതൽക്കേ പ്രവർത്തനമാരംഭിച്ചിരുന്നു.1965 വരെ മഠം ചാപ്പലിലായിരുന്നു. വി.കുർബാന നടത്തിയിരുന്നത്.

**ജംഗ്ഷനിൽ പള്ളിപണി**

1952-55 വരെ ബഹുമാനപ്പെട്ട തോമസ് കൈതനാലച്ചൻ വികാരിയായിരുന്നു. അടൂരിൽ നിന്നുമാണ് അച്ചനിവിടെ വന്നിരുന്നത്. 1955-ലെത്തിയ ആന്റണിയച്ചനാണ് പുതിയ പള്ളിയ്ക്കു വേണ്ടിയുള്ള പരിശ്രമം തുടങ്ങിയത്. 1958 ൽ ജംഗ്ഷനിലുള്ള സ്ഥലം പള്ളിയ്ക്കുവേണ്ടി വാങ്ങി പണിയാരംഭിച്ചു. അതിനു മുമ്പുതന്നെ ജംഗ്ഷനിൽ അയ്യനേത്ത് ഫിലിപ്പ്സാർ സംഭാവന ചെയ്ത സ്ഥലത്ത് കുരിശ്ശടി സ്ഥാപിച്ച് 31.08.1957 ൽ കൂദാശ നടത്തി. പിന്നീട് പള്ളി പണിയാരംഭിച്ചു. ചേർത്തല തൈക്കാട്ടുശ്ശേരിക്കാരനായ കേളമ്പറമ്പിൽ ആന്റണിയച്ചൻ വികാരി ജനറൽ, കറസ്പോണ്ടന്റ് തുടങ്ങിയ മേഖലകളിൽ സേവനമനുഷ്ഠിച്ച ശേഷമാണ് തട്ട, ചന്ദനപ്പള്ളി, കൊടുമൺ, ആനന്ദപ്പള്ളി, അങ്ങാടിക്കൽ പള്ളികളുടെ വികാരിയായി നിയമിക്കപ്പെട്ടത്. തട്ടയിൽ താമസിച്ചു കൊണ്ടാണ് പള്ളിപണി നടത്തിയത് ശില്പിയും കലാകാരനുമായിരുന്ന അദ്ദേഹം വേളാങ്കണ്ണിപ്പള്ളിയുടെ മാതൃകയിലുള്ള പള്ളിയാണ് പണിതുതുടങ്ങിയത്. ഏകദേശം 10 വർഷത്തോളമെടുത്തു പണിതീർക്കുവാൻ. 1963 ൽ മുഖവാരത്തെ കുരിശ് സ്ഥാപിച്ചു. 1968 ഡിസംബർ 22 നാണ് കൂദാശ ചെയ്തത്. 1965 മുതൽ ഹൈക്കലായിൽ താത്കാലിക ത്രോണോസിൽ വി.കുർബാനയും കൂദാശകളും, മേയ്മാസത്തിലെ പെരുന്നാളും നടത്തിയിരുന്നു. പണത്തിന്റെ ഞെരുക്കത്താൽ മൂന്ന് താഴികക്കുടങ്ങൾ പൂർത്തിയാക്കാനാവാതെ പണിതീർത്ത് കൂദാശ ചെയ്തു.

മരിക്കുന്നതുവരെ അദ്ദേഹം മുറിയിൽ സൂക്ഷിച്ചിരുന്ന വേളാങ്കണ്ണിപ്പള്ളിയുടെ പടം കാണിച്ച് പണി പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പള്ളിയുടെ സ്കെച്ചും പ്ലാനും ഡിസൈനുമെല്ലാം ആന്റണിയച്ചൻ തന്നെയായിരുന്നു തയ്യാറാക്കിയിരുന്നത്. നാഗർകോവിൽകാരനായ ആശീർവാദം മേസ്തിരിയായിരുന്നു കോൺട്രാക്ടർ. പ്രസിദ്ധ ചിത്രകാരൻ മാവേലിക്കര കല്ലുമല ചാക്കോ സാറിനെക്കൊണ്ടാണ് നിരവധി ചിത്രങ്ങൾ പെയിന്റിൽ വരച്ച് അലങ്കരിച്ചത്. വസ്തു വാങ്ങുന്നതിനും പള്ളിപണിയുന്നതിനും നിർലോഭമായ സഹായങ്ങൾ നൽകി അച്ചനെ ശക്തിപ്പെടുത്തിയത് എണ്ണശ്ശേരിൽ ഇ.ജി വർഗ്ഗീസായിരുന്നു. തന്റെ അനുജൻ ഇ.ജി ശാമുവേലിനെയാണ് ഇക്കാര്യങ്ങൾക്കു നേതൃത്വം നൽകുവാൻ അദ്ദേഹം ചുമതലപ്പെടുത്തിയിരുന്നത്. കൂദാശ ചെയ്യുന്നതിന് മുമ്പുതന്നെ ഇ.ജി. ശാമുവേൽ 1968 മാർച്ച് 29 ന് അകാല ചരമം പ്രാപിച്ചു. ഇ.ജി ശാമുവേലിന്റെ നേർച്ചയായിട്ടായിരുന്നു സിസ്റ്റർ. അൽഫോൻസാ ഹാൾ ഫാ. ആന്റണി നിർമ്മിച്ചു നൽകിയത്.

1968 ഡിസംബർ 22 ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയാണ് പള്ളികൂദാശ ചെയ്തത്. കൂദാശയിൽ വത്തിക്കാൻ പ്രതിനിധിയായി ബോംബേ ആർച്ചുബിഷപ്പായിരുന്ന കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് മുഖ്യാതിഥിയായി സംബന്ധിച്ചു. കോട്ടയം രൂപതാ അദ്ധ്യക്ഷൻ കുര്യാക്കോസ് കുന്നുശ്ശേരി, ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ ആർച്ചു ബിഷപ്പ് മാത്യു കാവുക്കാട്ട്, എന്നിവർ സഹകാർമ്മികരായിന്നു. ഡിസംബർ 23 ന് പെരിങ്ങനാട് ഫാ. ഏബ്രഹാം പാപ്പാടിയുടെ പട്ടംകൊട ശുശ്രൂഷയും ഇവിടെവച്ചാണ് നടത്തപ്പെട്ടത്.

**സഹവികാരിമാർ**

ഇവിടെ പണിതീർത്ത പള്ളിക്കെട്ടിടത്തിൽ 1965-ൽ താമസിച്ചു കൊണ്ടാണ് ഫാ. ഫിലിപ്പ് ഒഴുന്നല്ലൂർ അസിസ്റ്റന്റു വികാരിയായും, കൊടുമൺ ഇടവക വികാരിയായും പ്രവർത്തിച്ചത്. 1966 ജൂലൈ മുതൽ 1968 മെയ് 15 വരെ ഫാ. ശാമുവേൽ തുണ്ടിയിൽ അസിസ്റ്റന്റ് വികാരിയായും, കൊടുമൺ അങ്ങാടിക്കൽ പള്ളികളുടെ വികാരിയായും സേവനമനുഷ്ഠിച്ചത് ഇവിടെ താമസിച്ചു കൊണ്ടായിരുന്നു.

**ഇടവകയുടെ സുവർണ്ണകാലം**

**(ആന്റണി കേളമ്പറമ്പിലച്ചന്റെ 21 വർഷക്കാലം (1955 1976)**

അടൂർ ജില്ലാവികാരിയായി ആന്റണിയച്ചനെ നിയമിച്ചെങ്കിലും അദ്ദേഹം താമസം അടൂരേക്ക് മാറ്റിയിരുന്നില്ല. തട്ടയിലേക്ക് ബഹുമാനപ്പെട്ട തേക്കുംകാട്ടിലച്ചൻ വന്നതോടെ 1968 ഏപ്രിൽ മാസത്തിൽ ആന്റണിയച്ചൻ ചന്ദനപ്പള്ളിയിൽ വന്ന് താമസമായി. ചന്ദനപ്പള്ളി, അങ്ങാടിക്കൽ, കൊടുമൺ, കൈപ്പട്ടൂർ പള്ളികളുടെ വികാരിയായി 1976 വരെ അദ്ദേഹം ചന്ദനപ്പള്ളിയിൽ താമസിച്ചുകൊണ്ട് സേവനമനുഷ്ഠിച്ചു. 1955 മുതൽ 1976 വരെയുള്ള 21 വർഷക്കാലം ബഹുമാനപ്പെട്ട ആന്റണിയച്ചന്റെ ചന്ദനപ്പള്ളിയിലെ ശുശ്രൂഷ അന്നത്തെ ജനങ്ങൾക്കു വിസ്മരിക്കാനാവില്ല. ഗ്രാമത്തിലെ എല്ലാ ഊടുവഴികളും 'വനങ്ങളും വ്യക്തികളും അദ്ദേഹത്തിന് ഏറെ പരിചിതമായിരുന്നു. ഹാശാആഴ്ച ശുശ്രൂഷകൾ മലങ്കര ക്രമത്തിൽ അനിതര സാധാരണമായിട്ടാണ് നിർവഹിച്ചിരുന്നത്.മൂന്നു നോമ്പനുഷ്ഠാനം ചന്ദനപ്പള്ളി കൺവൻഷനായി ആരംഭിക്കുകയും നടുവിലത്തെ നോമ്പ് ദിനം 13 മണിക്കൂർ ആരാധനയായി (പള്ളിക്കു പുറത്തു കൂടിയുള്ള ദിവ്യകാരുണ്യപ്രദക്ഷിണം) ക്രമീകരിക്കുകയും ചെയ്തത് ഇന്നും തുടർന്നു പോകുന്നു. പെരുന്നാൾ ഏറെ ആഘോഷമാക്കി നടത്തുന്നതിനും അദ്ദേഹത്തിന്റെ സംഭാവനകൾ വലുതാണ്. പള്ളി ഗ്രൗണ്ടിൽ തിരുന്നാളിനോടനുബന്ധിച്ച് കൊല്ലം അസ്സീസി, ചങ്ങനാശ്ശേരി ഗീഥ, കൊച്ചിൻ തിയേറ്റേഴ്സ് തുടങ്ങി പ്രശസ്ത നാടക ട്രൂപ്പുകളുടെ നാടകം, അതിരമ്പുഴ അപ്പച്ചൻ, പാറ്റാനി തുടങ്ങിയവരുടെ കഥാപ്രസംഗങ്ങൾ നടത്തുമ്പോൾ ചന്ദനപ്പള്ളിയിലേയും പരിസരങ്ങളിലെയും ആബാലവൃദ്ധം ജനങ്ങളും പ്രത്യേകിച്ച് സ്ത്രീകളും നിർഭയരായി സംബന്ധിക്കുന്ന കാഴ്ച മറ്റിടങ്ങളിൽ കാണാവുന്നതല്ല. വള്ളിക്കോട്ട് കഥകളി സംഘത്തിന്റെ മഹാകവി പുത്തൻകാവ് മാത്തൻതരകന്റെ ശ്രീയേശുചരിതം കഥകളിയും ഈ ദേവാലയ മുറ്റത്ത് അവതരിപ്പിക്കുവാൻ കലാകാരനായ അച്ചൻ തയ്യാറായി.

മലങ്കര യുവജനപ്രസ്ഥാനം രൂപീകരിച്ച 1972 കാലയളവിൽ യുവജനങ്ങളെ സംഘടിപ്പിച്ച് പ്രവർത്തനക്ഷമരാക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നുവെന്നതും വിസ്മരിക്കാവുന്നതല്ല. സണ്ടേസ്കൂൾ കുട്ടികളെ ഏകദിന ടൂറിന് എല്ലാ വർഷവും അദ്ദേഹം കൊണ്ടുപോയിരുന്നു. പെരുന്നാളിന് പിടിപ്പണം, അടിമവെയ്പ്, കുടയെടുപ്പ്, ചെമ്പെടുപ്പ് തുടങ്ങിയ അനുഷ്ഠാനങ്ങൾക്ക് പ്രോത്സാഹനം നൽകിയതും അദ്ദേഹമായിരുന്നു. തന്റെ ഏറ്റവും അടുത്ത സ്നേഹിതനായിരുന്ന ഇ.ജി.സാമുവേൽ സംഭാവനയായി പണിതു നൽകിയ അൽഫോൻസാ ഹാളിൽ സിസ്റ്റേഴ്സിനെക്കൊണ്ട് നേഴ്സറി സ്കൂൾ ആരംഭിച്ചതും ആന്റണിയച്ചനായിരുന്നു. ഇന്നത്തെ വിമല മാതാ സ്കൂളായി ഈ നേഴ്സറി സ്കൂളാണ് വളർന്നു വികസിച്ചത്.

വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചു നൽകിയും, ഭവനനിർമ്മാണത്തിനും, വിവാഹത്തിനും സഹായിച്ചും അദ്ദേഹത്തിന് ജീവകാരുണ്യ ശുശ്രൂഷകൾക്കുള്ള സവിശേഷ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആരോഗ്യം ക്ഷയിച്ച് രോഗഗ്രസ്തനായി അദ്ദേഹം 1976 മെയിൽ തിരുവനന്തപുരം ഗുഡ് സമരീത്തൻ ക്ലർജി ഹോമിലേക്ക് പോവുകയും 1985 മാർച്ച് 30ന് അവിടെവച്ച് മരിക്കുകയും ചെയ്തു. അന്നു തന്നെ മൃതശരീരം ചന്ദനപ്പള്ളി ദേവാലയത്തിൽ കൊണ്ടുവന്ന് രാത്രി മുഴുവനും പൊതു വണക്കത്തിനായി വച്ചിരുന്നു. പിറ്റേദിവസം ഇടവകജനങ്ങൾ ചേർത്തലയിലേക്ക് വിലാപയാത്രയായി അനുധാവനം ചെയ്ത് സംസ്കാരത്തിൽ പങ്കെടുത്തു. മേയ്മാസത്തിൽ 41-ാം അടിയന്തിരം ഇടവകതലത്തിൽ നടത്തി. ജില്ലാവികാരി ഫാ.മാത്യു തുരുത്തിയിൽ അടിയന്തിരം നടത്തുന്നതിന് നേതൃത്വം വഹിച്ചു.

10 വർഷം നീണ്ട പള്ളിപണിയുടെ വരവുചെലവു കണക്കുകൾ അച്ചടിച്ച് ഓരോ ഭവനത്തിനും അതിമനോഹരമായ കൈപ്പടയിൽ ഒപ്പിട്ട് കവറിൽ പേരെഴുതി നൽകിയിരുന്നത് ആശ്ചര്യമായിതോന്നാം. ആകെ ചെലവ് ഒരു ലക്ഷത്തിന് 13 രൂപ കുറവ് എന്നു കാണുമ്പോഴുണ്ടാകുന്ന അമ്പരപ്പും ചെറുതാവില്ല. ഓരോ കുടുംബവും നൽകിയ സംഭാവനയുടെ കണക്കും ഇതിൽ രേഖപ്പെടുത്തിയിരുന്നു. ആന്റണിയച്ചൻ യുഗമെന്ന് വിശേഷിപ്പിക്കാവുന്ന ചന്ദനപ്പള്ളിയുടെ സുവർണ്ണ കാലമെന്ന് ആ നാളുകളെപ്പറ്റി അന്നു ജീവിച്ചിരുന്നവർ എത്ര

വാചാലമായിട്ടാണ് സംസാരിച്ചിരുന്നത്! ഇന്നും ആ മധുരസ്മരണകൾക്കു മുന്നിൽ ശിരസ്സു നമിക്കുന്ന ഒരു തലമുറയിവിടെ ബാക്കിയുണ്ട്.

## 1976 – 2001 വരെയുള്ള ചരിത്രം

ബഹുമാനപ്പെട്ട ആന്റണിയച്ചൻ 1976 മേയിൽ ചികിത്സക്കുവേണ്ടി തിരുവനന്തപുരത്തേക്ക് പോയപ്പോൾ കൊടുമൺ വികാരിയായിരുന്ന ഫാ.മാത്യു കാലായിലിന് ഇടവകയുടെ ചുമതല നൽകി. 1977 ജൂണിൽ ഫാ.മാത്യു പൊൻമേലിൽ വികാരിയായി വരുന്നതുവരെ ഇടവക ശുശ്രൂഷകൾക്ക് കാലായിലച്ചൻ നേതൃത്വം നൽകി.

വന്ദ്യനായ മാത്യു പൊൻമേലിൽ കോർ എപ്പിസ്കോപ്പാ 1977ഏപ്രിൽ മുതൽ 1981 മെയ് വരെ വികാരിയായി സേവനമനുഷ്ഠിച്ചു. ആരാധനയിലും പ്രാർത്ഥനായോഗങ്ങളിലും അദ്ദേഹം പ്രത്യേക ശ്രദ്ധപതിപ്പിച്ചിരുന്നു. വായനഗ്രൂപ്പുകളെ അദ്ദേഹം സജീവമാക്കി. പെരുന്നാളും കൂടുതൽ മെച്ചമാക്കാൻ ശ്രമിച്ചു. എല്ലാ ഭവനങ്ങളിൽ നിന്നും പെരുന്നാളിനായി കോഴിയെ നേർച്ചയായി നൽകാൻ നിർദ്ദേശിച്ചു. ഇത് ഒരു നേർച്ചയിനമായി പിൽക്കാലത്ത് നിശ്ചയിക്കപ്പെട്ടു. ഗേറ്റ്, വേളാങ്കണ്ണി മാതാവിന്റെ രൂപം, മണിമാളിക തുടങ്ങിയവ നിർമ്മിച്ച് പള്ളിപ്പരിസരം ആകർഷകമാക്കി. നഴ്സറി സ്കൂൾ വിമലമാതാ എൽ.പി.സ്കൂളായി വളർത്താനും ബഹു.സിസ്റ്റേഴ്സിന്റെ ചുമതലയിൽ പ്രവർത്തിപ്പിക്കുവാനും അച്ചന്റെ സ്വാധീനം ശക്തമായ പ്രേരണയായി. യുവജനങ്ങളുടെ വളർച്ചയിൽ ശ്രദ്ധിച്ചിരുന്ന അദ്ദേഹം 1981 ജനുവരിയിൽ MCYM അതിരൂപതാ കൺവെൻഷൻ ഇവിടെ വച്ച് നടത്തി.

1981 മെയ് 25 ന് ഫാ.സാമുവേൽ തുണ്ടിയിൽ വികാരിയായി ചുമതല ഏറ്റെടുത്തു. 1968 കാലത്ത് അദ്ദേഹം അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചിരുന്നു. യുവജനശിക്ഷണം, ജീവകാരുണ്യ പദ്ധതികളായ സാധുവിവാഹനിധി, വിദ്യാഭ്യാസനിധി എന്നിവയുടെ രൂപീകരണം, കരിസ്മാറ്റിക് ധ്യാനം തുടങ്ങിയ കാര്യങ്ങളിലും ആദ്ധ്യാത്മിക നവോത്ഥാനത്തിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.നിർമ്മാണ പ്രവർത്തനങ്ങളേക്കാൾ സന്മാർഗശിക്ഷണ കാര്യങ്ങളിലാണ് കൂടുതൽ താത്പര്യം കാട്ടിയത്.

ബഹുമാനപ്പെട്ട ആന്റണിയച്ചന്റെ മരണാനന്തര ശുശ്രൂഷകൾക്ക് ഇടവകതലത്തിൽ ക്രമീകരണങ്ങൾ നടത്തിയത് അദ്ദേഹമായിരുന്നു. 1984 ൽ റാസയുടെ ഊരുചുറ്റ് ഒഴിവാക്കി പള്ളിയിൽ നിന്നും പാലം വരെ മാത്രം റാസ ക്രമീകരിച്ച് ഏറ്റവും ആകർഷകമാക്കി നടത്താൻ അദ്ദേഹത്തിനു സാധിച്ചു. സ്ത്രീകൾ റാസയിൽ സജീവമായി പങ്കെടുക്കുന്നത് അന്നു മുതൽക്കായിരുന്നു. 1985 ഏപ്രിൽ മാസത്തിൽ അമ്പൂരിയിൽ ധ്യാനപ്രസംഗത്തിനു പോയ അവസരത്തിൽ നട്ടെല്ലിന്റെ കശേരുക്കളിലുണ്ടായ വേദനയെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിലായിരുന്നതിനാൽ ഇടവക ഭരണം തുടരാനായില്ല.

തുടർന്ന് ഒരു വർഷക്കാലം ഫാ.മാത്യു വാഴപ്പിള്ളേത്തും, 6 മാസക്കാലം ഫാ.എബ്രഹാം വാലുപറമ്പിലും വികാരിമാരായിരുന്നു. മാത്യുവാഴപ്പിള്ളേത്തച്ചനും യുവജനങ്ങളോട് കൂടുതൽ താത്പര്യം കാട്ടുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ക്രിസ്മസ് കരോളിന് പുതിയ പാട്ടുകൾ അഭ്യസിപ്പിച്ച് പുത്ത നുണർവ്വേകുവാൻ അദ്ദേഹം ശ്രമിച്ചു അൾത്താര ശുശ്രൂഷകരെ പരിശീലിപ്പിക്കുന്നതിലും മതബോധനം ശക്തിപ്പെടുത്തുന്നതിനും സവിശേഷശ്രദ്ധചെലുത്തി. ഫാ.ജോർജ്ജ് പുറത്തൂട്ട് 1989 മുതൽ 1992 വരെ വികാരിയായിരുന്നു. പ്രാർത്ഥനാ യോഗങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

### ഫാ. ഗീവർഗീസ് നെടിയത്ത്

ബഹു.ആന്റണിയച്ചന്റെ ശേഷം ദീർഘകാലയളവിൽ വികാരിയായിരുന്നത് ഫാ.ഗീവർഗീസ് നെടിയ ത്തായിരുന്നു. 1993 മുതൽ 2001 വരെ 8 വർഷക്കാലം അദ്ദേഹം ഇടവകയ്ക്കു നേതൃത്വം നൽകി. ഏറെ ക്കാലങ്ങൾക്കകമായിട്ടാണ് ഒരു ചെറുപ്പക്കാരനായ അച്ചന്റെ സേവനം ഇടവകയ്ക്കു ലഭിക്കുന്നത്. എംസി.വൈ.എം ഡയറക്ടർ എന്ന നിലയിൽ അതിരൂപതാതലത്തിലും ശ്രദ്ധിക്കപ്പെട്ടിരുന്ന അദ്ദേഹം

ഇടവകയ്ക്കു ധീരമായ നേതൃത്വം നല്കിയിരുന്നു. യുവജനങ്ങളെ ഭരണസമിതിയുടെ ചുമതലക്കാരായി നിയമിച്ച് കൂടുതൽ ഊർജ്ജസ്വലരാക്കാൻ ശ്രമിച്ചു. നോമ്പു കാലങ്ങളിൽ കോർണർപ്രയർ, മുന്ന് നോമ്പ് കരിസ്മാറ്റിക് കൺവെൻഷൻ, പ്രാർത്ഥനാ യോഗങ്ങളുടെ പുനസംഘടന തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേകശ്രദ്ധ ചെലുത്തി. പെരുന്നാൾ കൂടുതൽ മെച്ചപ്പെടുത്തി. രൂപതയുടെ ചെലവിൽ മാർബസേലിയോസ് ഐ.ടി.സി സ്ഥാപിക്കുവാൻ മുൻകൈയെടുത്തു. ഐ.ടി.സിയ്ക്കുള്ള വഴി വീതി കൂട്ടി റോഡ് സഞ്ചാര യോഗ്യമാക്കി. കുടമുക്കിൽ കുഴിഞ്ഞയ്യത്ത് രാജൻ സംഭാവന ചെയ്ത സ്ഥലത്ത് പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ കുരിശടി സ്ഥാപിച്ച് കൂദാശ ചെയ്തതും. ജംഗ്ഷനിൽ വെച്ചൂട്ടുപുര നില്ക്കുന്ന സ്ഥലം വാങ്ങിയതും നെടിയത്തച്ചനായിരുന്നു.

പൗരസ്ത്യ കത്തോലിക്കാ തിരുസംഘം തലവൻ മോറോൻ മോർ മൂസാദാവൂദിന് സഭാതലത്തിൽ സ്വീകരണം നൽകുന്നതിനായി ആതിഥേയത്വം വഹിക്കുവാൻ ചന്ദനപ്പള്ളിയ്ക്ക് ഭാഗ്യമുണ്ടായത് അച്ചന്റെ സ്വാധീനത്തിലാണ്. അതിരൂപതാദ്ധ്യക്ഷനായി സിറിൾ മാർ ബസേലിയോസ് നിയമിക്കപ്പെട്ടതിനെ തുടർന്ന് അതിരൂപതയിൽ ആദ്യമായി സ്വീകരണം നൽകിയത് ചന്ദനപ്പള്ളിയിലായിരുന്നു. 2001 ൽ അതിരൂപത പ്രോക്യുറേറ്ററായി നിയമിക്കപ്പെട്ട നെടിയത്തച്ചന് സമുചിതമായ യാത്രയയപ്പു നൽകി.

**ഫാ. തോമസ് പൂവണ്ണാലും തീർത്ഥാടനപ്പള്ളിയും**

ഇടവകയെ ഒരു തീർത്ഥാടനപ്പള്ളിയുടെ തലത്തിലേക്ക് വളർത്തുവാൻ നേതൃത്വം നൽകിയത് 2001 മുതൽ 2007 വരെ വികാരിയായിരുന്ന **ഫാ. തോമസ് പൂവണ്ണാലായിരുന്നു**. 2002 ൽ ഇടവകയുടെ ഡയറക്ടറി ആദ്യമായി പ്രസിദ്ധീകരിച്ചു, ഒപ്പം തീർത്ഥാടകർക്കു വേണ്ടി ഇടവകയുടെയും തിരുനാളിന്റെയും ബ്രോഷറും, സ്തോത്രഗീതങ്ങൾ എന്ന പേരിൽ 158 പേജുള്ള പാട്ടു പുസ്തകത്തിന്റെ രണ്ടു പതിപ്പു കളും പ്രസിദ്ധീകരിച്ചു.

പ്ലാറ്റിനം ജൂബിലി ലക്ഷ്യമാക്കി ഭൗതികവും ആധ്യാത്മികവുമായ തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. ജൂബിലി സ്മാരകമായി പുതിയ പള്ളി മേടയും രണ്ടാംനിലയിൽ പാരിഷ്ഹാളും പണിതുയർത്തി. പള്ളിമേട 2005 മേയ് മാസത്തിൽ മേജർ ആർച്ചു ബിഷപ്പ് സിറിൽ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവ കൂദാശ ചെയ്തു. ജൂബിലിസന്ദേശം ചിരിയുടെ തമ്പുരാനായ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്തായാണ് നൽകിയത്.

കിടങ്ങിൽ മത്തായി സാർ സംഭാവന ചെയ്ത സ്ഥലത്ത് വെള്ളപ്പാറയിൽ സെന്റ് ആന്റണീസ് കുരിശടിയും, കൊന്നയിൽ ഡാനിയേലിന്റെ കുടുംബം സംഭാവന ചെയ്ത സ്ഥലത്ത് ഇടത്തിട്ടയിൽ സെന്റ് ജൂഡ് കുരിശടിയും പണിയാരംഭിച്ചത് ഇക്കാലയളവിലായിരുന്നു. സെന്റ് ജൂഡ് കുരിശടി 2004 ഫെബ്രുവരി 7, 8 തീയതികളിൽ കൂദാശ ചെയ്തു. പള്ളിയുടെ മുൻഭാഗത്ത് മനോഹരമായ ഗേറ്റ് സ്ഥാപിക്കുകയും ചെയ്തു. 2006 മെയ് 7 ന് തിരുനാൾ ദിനത്തിൽ അതിരൂപതയിലെ തീർത്ഥാടനപ്പള്ളിയായി ഭാഗ്യസ്മരണാർഹനായ സിറിൾ മാർ ബസേലിയോസ് കാതോലിക്കാ ബാവ പ്രഖ്യാപിച്ചതോടെ ചന്ദനപ്പള്ളി മലങ്കര കത്തോലിക്കാസഭയുടെ പൊതുസ്വത്തായിത്തീർന്നു. ഇതിനോടനുബന്ധിച്ചാണ് കുറ്റിയിൽ സി.എം. ഡാനിയേൽ സംഭാവനയായി സ്വർണ്ണക്കൊടിമരം സ്ഥാപിച്ച് ആശീർവദിക്കപ്പെട്ടത്. 14/10/2006ൽ വന്ദ്യ ഡാനിയേൽ അയ്യനേത്തച്ചന്റെ ശവസംസ്കാരം ഇവിടെ ഏറെ അനുഗ്രഹമായി നടത്തി. 2007 ൽ കറസ്പോൺഡന്റായ തോടെ അച്ചൻ സ്ഥലം മാറ്റപ്പെട്ടു.

തുടർന്ന് ഫാ. തോമസ് കുമ്പുക്കാട്ട് കോർ എപ്പിസ്കോപ്പാ വികാരിയായി വന്നു. 22.11.2007 ൽ ഫാ. തോമസ് പ്രമോദ് പാലവിളയിലിന്റെ പുത്തൻ കുർബാന നടത്തി. അഞ്ചൽ സെന്റ് ജോസഫ് മിഷൻ ആശുപത്രിയുടെ ചാപ്പ്ലെയിനായി ഫാ.തോമസ് കുമ്പുക്കാട്ട് പിറ്റേവർഷം സ്ഥലം മാറ്റപ്പെട്ടു. അസിസ്റ്റന്റായി നിയമിക്കപ്പെട്ട ഫാ.വിത്സൻ ആലുവിളയ്ക്കും അതേവർഷം യാത്രയയപ്പ് നൽകി.

തുടർന്നു വന്ന ഫാ. സെബാസ്റ്റ്യൻ ആമ്പശ്ശേരി മൂന്നു വർഷക്കാലം 2008-2010 ആദ്ധ്യാത്മിക കാര്യങ്ങളിൽ തീഷ്ണതയോടെ പ്രവർത്തിക്കുവാനാണ് ശ്രമിച്ചത്. 11-09-2008 ൽ വെള്ളപ്പാറ കുരിശടി ബസ്സേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവ കൂദാശ ചെയ്തു. ഇടവകാംഗമായ ഫാ.ഡാനിയേൽ വടക്കേക്കരയെ കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി ആദരിച്ചത് ഇടവകക്കാർക്ക് ലഭിച്ച സമ്മാനമായി. 8.6.2008 ൽ ഇടവക തലത്തിൽ വന്ദ്യ ഡാനിയേലച്ചന് സ്വീകരണം നൽകി. ഫാ.ജിത്ത് ജോൺ പള്ളിവാതുക്കൽ OIC യുടെ പുത്തൻ കുർബാന 20.11.2009 ൽ നടത്തപ്പെട്ടു. 2010 ഏപ്രിൽ മാസത്തിൽ മലങ്കര മേജർ സെമിനാരി സ്പിരിച്വൽ അഡ്വൈസറായി ഫാ.സെബാസ്റ്റ്യൻ നിയമിക്കപ്പെട്ടതിനെത്തുടർന്ന് ഫാ.ജോഷി വാഴപ്പിള്ളേത്തിനെ പുതിയ വികാരിയായി നിയമിച്ചു. പത്തനംതിട്ട രൂപത നിലവിൽവന്നതോടെ ആദ്യ വികാരിയായാണ് ഫാ. ജോഷി വാഴപ്പിള്ളേത്ത് ചാർജ്ജേറ്റത്.

2010 നവംബർ 5-ാം തീയതി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പത്തനംതിട്ട സെൻട്രൽ കൗൺസിൽ ഓഫീസ് താത്കാലികമായി നമ്മുടെ പള്ളിമേടയിൽ സ്ഥാപിച്ച് ആശീർവദിച്ചത് വികാരി ജനറൽ മോൺ.ജോസ് ചാമക്കാലാ ആയിരുന്നു. മഠം കുരിശടിയുടെ പുനർനിർമ്മാണ നടപടികൾ 2011 മെയ് 1 ന് ആരംഭിച്ചു. 2011 ജൂണിൽ നടത്തിയ പത്തനംതിട്ട രൂപതാ അസംബ്ലിയിലേക്ക് ഇടവകപ്രതിനിധിയായി ഇ.എം.ഗീവർഗീസിനെ ഫാ.ജോഷി അയച്ചു.

2011 ജൂണിൽ ഉപരിപഠനത്തിനായി ഫാ.ജോഷി അയയ്ക്കപ്പെട്ട ഒഴിവിൽ ഫാ. ഏബ്രഹാം വാവോലി മേപ്പുറത്ത് നിയമിക്കപ്പെട്ടു. മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ അസംബ്ലി 2011 സെപ്റ്റം ബർ 21, 22, 23 തീയതികളിൽ പട്ടത്ത് നടത്തി. പത്തനംതിട്ട രൂപതയുടെ പ്രതിനിധിയായി ഇ.എം.ഗീവർഗീസ് തെരഞ്ഞെടുക്കപ്പെടുകയും സഭാഅസംബ്ലിയിൽ പങ്കെടുക്കുകയും ചെയ്തു. സഹവികാരിയായി ഫാ.ബിനോയ് പുതുപ്പറമ്പിലും ഒരു വർഷക്കാലം ഇടവകയുടെ ശുശ്രൂഷകൾ നിർവ്വഹിച്ചു. ഫാ.ഏബ്രഹാം വാവോലിമേപ്പുറത്തും ഒരു വർഷത്തിനകം അമേരിക്കയ്ക്കു പോയി.

തുടർന്ന് ചന്ദനപ്പള്ളി ഇടവക വികാരിയായി ഫാ.സഖറിയാസ് നെടിയകാലായിൽ ചുമതലയേറ്റു കോട്ടപ്പള്ളിയുടെയും, വൈദികരുടെ കല്ലറകളുടെയും ശോചനീയാവസ്ഥ മാറ്റി മനോഹരമായി നവീകരി ക്കുന്നിതിനാണ് അച്ചൻ ആദ്യമായി ശ്രമിച്ചത്. പുരാതനമായ കോട്ടപ്പള്ളി ദേവാലയത്തിന്റെ തനിമ നിലനിർ ത്തിക്കൊണ്ടുതന്നെ പുതുക്കിപ്പണിതു. കൂരിയ മെത്രാൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ് കൂദാശ ചെയ്ത് ഇടവകയ്ക്ക് സമർപ്പിച്ചു.

മൂന്നു നോമ്പിനോടനുബന്ധിച്ചു ഫാ. ദാനിയേൽ പൂവണ്ണത്തിലിന്റെ ധ്യാനം ക്രമീകരിച്ചു. തുടർന്ന് എല്ലാ രണ്ടാം ശനിയാഴ്ചകളിലും ഗത്സമൻ ധ്യാനം നടത്തുന്നതിന് ഫാ.ഡാനിയേൽ പൂവണ്ണത്തിലിനെ ചുമതലപ്പെടുത്തിയതും സഖറിയാസച്ചനായിരുന്നു. CBCI, KCBC പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ക്ലീമിസ് മാർ ബസേലിയോസ് കർദ്ദിനാളിന് 2014 മേയ് 7-ാം തീയതി പ്രത്യേക സ്വീകരണവും അനുമോദനവും സംഘടിപ്പിച്ചു. തദവസരത്തിൽ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ.പി.ജെ.കുര്യനും സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരനും സന്നിഹിതരായിരുന്നു. കാലപ്പഴക്കത്തിൽ പള്ളിയ്ക്കുണ്ടായ കേടുപാടുകൾ നീക്കി നവീകരിക്കുവാനുള്ള ശ്രമം അച്ചന്റെ കാലത്ത് ആരംഭിക്കുകയും അരമനയിൽ നിന്ന് അനുമതിവാങ്ങുകയും ചെയ്തു. ആദ്യമായി ഇടവകയിൽവച്ച് പെസഹായ്ക്ക് കാൽകഴുകൽ ശുശ്രൂഷ നടത്തിയതും 2014 ലായിരുന്നു. 2014 ജൂൺ 14 ന് അച്ചൻ വാഴമുട്ടം പള്ളിയിലേക്ക് സ്ഥലം മാറ്റപ്പെട്ടു.

2014 ജൂൺ 14 ന് ഫാ. ഗീവർഗീസ് (സജി) മാടമണ്ണിൽ വികാരിയായി ചാർജ്ജെടുത്തു. പള്ളിപണി യെപ്പറ്റി വിശദമായി പഠിച്ച ശേഷം പുതിയപള്ളി പണിയാൻ തീരുമാനിച്ചു. മൂന്നു ഘട്ടങ്ങളിലായി പണി നടത്താൻ തക്കവിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തു. മദ്ബഹാ, മുഖവാരം, ഹൈക്കലാ എന്നീ മൂന്നു ഘട്ടങ്ങളിലൂടെ നിലവിലുള്ള പള്ളി സമൂലം പൊളിച്ചു പണിയാനുള്ള ശ്രമമാരംഭിച്ചു.

2015 ഫെബ്രുവരി 8 ന് പുതിയ മദ്ബഹായ്ക്ക് തറക്കല്ലിട്ടു. മദ്ബഹായുടെ പണിയെത്തുടർന്ന് പഴയപള്ളിയുടെ മുഖവാരമിടിച്ചു. പുതിയ മുഖവാരം ഒരു വർഷത്തിനകം പണിതീർത്തു. 2017 ആഗസ്റ്റ് 6 ന് മുഖവാരത്തിലെ മിനാറിൽ കുരിശും പ്രധാന വാതിലിന്റെ കട്ടിളയും സ്ഥാപിച്ചു. 2018 മേയ് 13 ന് പുതിയ ഹൈക്കലായുടെ പണിയാരംഭിച്ചു. 2021 ആഗസ്റ്റ് 14 ന് മൂറോൻ കൂദാശ ചെയ്ത് പള്ളിപ്രതിഷ്ഠയ്ക്കു വേണ്ടിയുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇടവകയുടെ 90 വർഷത്തെ ചരിത്രം പരിശോധിക്കുമ്പോൾ ക്രമാനുഗതമായ വളർച്ച എല്ലാതലങ്ങളിലും കാണാൻ കഴിയും. ഇപ്പോൾ 200ലധികം കുടുംബങ്ങളും 1500 ൽപരം അംഗങ്ങളുമടങ്ങിയ സമൂഹമാണിവിടെയുള്ളത്.

## ബഥനി മഠം

പത്തനംതിട്ട ജില്ലയിലെ ചന്ദനപ്പള്ളി ഗ്രാമം ചരിത്രത്തിൽ ഒന്നാംനൂറ്റാസ്സു മുതൽക്കേ സ്ഥാനം പിടിച്ച മണ്ണാണ്. ഈപ്രദേശത്ത് തിരുവനന്തപുരം അതിരൂപതയുടെ മലങ്കര കത്തോലിക്കാ കൂട്ടായ്മ വളരെശക്തമായി വളർന്നു കൊണ്ടണ്ടിരുന്നകാലം. 1955 മുതൽ ഈ കൂട്ടായ്മയുടെ ശക്തിയും അനുഗ്രഹവുമായിരുന്ന ബഹു.ആന്റണി കേളംപറമ്പിൽ അച്ചൻ ഇടവകയുടെ നടത്തിപ്പിനും വളർച്ചയ്ക്കും സന്യസ്തരുടെ സഹായം ആവശ്യമാണെന്നു മനസ്സിലാക്കുകയും പ്രാർത്ഥിച്ച് തീരുമാനങ്ങൾ എടുക്കുവാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കൂടാതെ അഭിവന്ദ്യ ബനഡിക്ട്മാർ ഗ്രീഗോറിയോസ്പിതാവിനോടും നാലാഞ്ചിറ പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന മദർ ബാസിമിനോടും തന്റെ ആഗ്രഹങ്ങൾ അറിയിക്കുകയും ചെയ്തു.

മദർ ജനറൽ മദർ മാക്സാ, മദർ ബാസിം എന്നിവർ ഒരുമിച്ച് 1959 ഓഗസ്റ്റ് 24-ാം തീയതി ചന്ദനപ്പള്ളിയിൽ എത്തി. വന്ദ്യ ഈവാനിയോസ്പിതാവു പണികഴിപ്പിച്ച ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ഇടവകപ്പള്ളിയായിരുന്നു. അതിന്റെ ആദ്യ നിലയിൽ സിസ്റ്റേഴ്സിനെ താമസിപ്പിച്ച് മഠം ആരംഭിക്കുവാൻ അഭിവന്ദ്യ പിതാവിന്റെ അനുവാദം ലഭിച്ചതായും ബഹു.ആന്റണയച്ചൻ മദേഴ്സിനെ ബോദ്ധ്യപ്പെടുത്തി. അന്നു തന്നെ വന്ദ്യപിതാവും സ്ഥലത്തെത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി. സെപ്റ്റംബറിൽ എട്ടു നോമ്പിന് മുമ്പ് സിസ്റ്റേഴ്സ് ചന്ദനപ്പള്ളിയിൽ താമസമാകണം എന്ന വന്ദ്യപിതാവിന്റെ ആഗ്രഹപ്രകാരം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഇടവകയിലെ സഹായങ്ങൾക്കുമായി 1959 ഓഗസ്റ്റ് 31-ന് മദർ പ്രൊവിൻഷ്യൽ മദർ ബാസിമും, സിസ്റ്റർ ബ്രൂക്സായും മറ്റു മൂന്നു സന്യാസിനികളും ചന്ദനപ്പള്ളിയിലെത്തി. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ഇടവക പ്രവർത്തനങ്ങൾ, ഭവനസന്ദർശനം ഇവയിൽ വ്യാപൃതരായി.

**മഠം സ്ഥാപനം - 1959 സെപ്റ്റംബർ 16**

1959 സെപ്റ്റംബർ 16 പ്രഭാതത്തിൽ റവ.ഫാ.സാമുവേൽ തെങ്ങുവിള, ഫാ.ഉമ്മൻ അയ്യനേത്ത്, ഫാ. തോമസ് പെരുമല, എന്നിവർ ദേവാലയത്തിൽ സമൂഹബലി നടത്തി. 8.30 ന് അഭിവന്ദ്യ പിതാവ്, ജോഷ്വാ അച്ചൻ, ഫിലിപ്പ് അച്ചൻ എന്നിവർ അരമനയിൽനിന്നെത്തി. ഔദ്യോഗിക സ്വീകരണത്തിനു ശേഷം ഇടവക ജനങ്ങളോടൊപ്പം വി.കുർബാന അർപ്പിച്ചു. കുർബാനക്കുശേഷം പ്രസംഗമദ്ധ്യേ പിതാവ് മഠത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ചെയ്ത് അതിന്റെ ഉദ്ദേശങ്ങളെപ്പറ്റിയും ആവശ്യകതകളെപ്പറ്റിയും ഇടവകജനത്തെ ബോദ്ധ്യപ്പെടുത്തി. അന്നു മുതൽ വിശുദ്ധകുർബാന പള്ളിയിൽ സക്രാരിയിൽ പ്രതിഷ്ഠിച്ച് ബഥനി മഠത്തിനു തുടക്കം കുറിച്ചു.

| | | |
|---|---|---|
| മഠത്തിന്റെ ആദ്യ സുപ്പീരിയർ | - | മദർ സൈബാർ |
| അംഗങ്ങൾ | - | സി. ബ്രൂക്സാ |
| | - | സി. അഗത്താ |
| | - | സി. റീത്താ |

1959 സെപ്റ്റംബർ 16-ാംതീയതി സ്ഥാപിതമായ ബഥനി മഠം അഭിവന്ദ്യ പിതാക്കൻമാരുടെയും വന്ദ്യ വൈദീകരുടെയും കാലാകാലങ്ങളിലെ മദേഴ്സിന്റെയും ഇവിടെ അംഗങ്ങളായി സേവനം അനുഷ്ഠിച്ച എല്ലാസിസ്റ്റേഴ്സിന്റെയും അനുഗ്രഹത്താലും പ്രാർത്ഥനയാലും വിവിധ പ്രവർത്തന മേഖലകളിലൂടെ മുന്നോട്ടു പോകുന്നു. ബഥനിയുടെ വളർച്ചയിൽ ഇടവക മക്കൾ അന്നും ഇന്നും വലിയ തണലായി പ്രവർത്തിക്കുന്നു. 1968 ഡിസംബർ 22 ന് ജംഗ്ഷനിലുള്ള പുതിയ ഇടവകപ്പള്ളിയുടെ കൂദാശ നടത്തി ഇടവക ദേവാലയം അവിടേക്ക് മാറ്റി.

**<u>വിമലമാതാ നഴ്സറി സ്കൂൾ & റോസ് ഡേൽ ഹയർ സെക്കൻഡറി സ്കൂൾ</u>**

1969 ജൂൺ 9-ാംതീയതി ഇടവകപള്ളിയിലെ സിസ്റ്റർ.അൽഫോൻസാ പാരിഷ് ഹാളിൽ ഇടവക ജനങ്ങളുടെ ആഗ്രഹപ്രകാരം ഒരു **നഴ്സറി** സ്കൂൾ ആരംഭിച്ചു. ബഹു.ആന്റണിയച്ചന്റെയും പിന്നീട് വന്ന വൈദികരുടെയും പ്രാത്സാഹനവും സഹകരണവും സ്കൂളിന്റെ വളർച്ചയിൽ എന്നുമുണ്ടായിരുന്നു. തുടർന്ന് മഠത്തോട് ചേർന്ന് പണികഴിപ്പിച്ച പുതിയ കെട്ടിടത്തിലേക്ക് നഴ്സറി സ്കൂൾ മാറ്റി സ്ഥാപിച്ചു. തുടർന്ന് എൽപി, യൂപി സ്ക്കൂളായി അത് ഉയർത്തപ്പെട്ടു.

1998 ൽ പുതിയതായി രൂപീകരിക്കപ്പെട്ട പത്തനംതിട്ട പ്രൊവിൻസിലെ ഒന്നാം വർഷ അർത്ഥിനികളുടെ ഫോർമേഷൻ ഹൗസായി ഈ മഠം നിയോഗിക്കപ്പെട്ടു. വിമലമാതാ സ്കൂളിന്റെ പുതിയ കെട്ടിടം കോളനിയുടെ അടുത്തുള്ള മഠം വകസ്ഥലത്ത് 2003 ജൂൺ 6-ാം തീയതി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് കൂദാശ ചെയ്തു. ഇടവക ജനങ്ങളുടെ സ്വപ്നമായിരുന്ന ഒരു ഹയർ സെക്കൻഡറി സ്കൂൾ 2016 ജൂണിൽ ബഥനിക്ക് സ്വന്തമായി. 1992 ൽ ശ്രീ.സി.റ്റി തോമസ് ചന്ദനപ്പള്ളിയിൽ തുടങ്ങിയ റോസ് ഡേൽ ഹയർ സെക്കൻഡറി സ്കൂൾ ബഥനി വിലയ്ക്കു വാങ്ങി. നഴ്സറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിദ്യാലയ സമുച്ചയം കത്തോലിക്കാ കൂട്ടായ്മയ്ക്ക് അഭിമാനമായി വളരുന്നു എന്നതും ദൈവാനുഗ്രഹത്തിന്റെ നിദർശനമാണ്.

**ഇടവകാംഗങ്ങളായ അഭിഷിക്തർ**

**<u>നിത്യസമ്മാനത്തിലേക്കു വിളിക്കപ്പെട്ടവർ</u>**

**1. ഫാ. തോമസ് പെരുമല (1898 – 1985)**

പ്രശസ്തമായ പെരുമല കുടുംബത്തിൽ ചാണ്ടപ്പിള്ള ഗീവർഗീസിന്റെയും മറിയാമ്മയുടെയും മകനായി 10/09/1898 ൽ ജനിച്ചു. 03/07/1922 ൽ കശ്ശീശ്ശാപട്ടം ലഭിച്ചു. ചന്ദനപ്പള്ളി വലിയപള്ളി, സെന്റ് തോമസ് ഓർത്തഡോക്സ് കൊച്ചുപള്ളി, കൊടുമൺ ഓർത്തഡോക്സ് പള്ളികളിൽ ശുശ്രൂഷ ചെയ്തിരുന്നു. 1932 ൽ പെരുമലയച്ചനും കുടുംബവും പുനരൈക്യപ്പെട്ടു. 1943 മുതൽ 1949 വരെ കോട്ടപ്പള്ളിയിൽ വികാരിയായിരുന്നു, തുടർന്ന് തട്ട, വള്ളിക്കോട്-കോട്ടയം, വലഞ്ചുഴി, കൊടുമൺ കത്തോലിക്കാപ്പള്ളികളിൽ വികാരിയായിരുന്നു. മഠം, ചാപ്പൽ, കുരിശടി പണിക്ക് നേതൃത്വം നൽകി. 01-12-1985 ൽ നിത്യസൗഭാഗ്യത്തിലേക്ക് വിളിക്കപ്പെടുന്നതുവരെ, ഇടവക ദേവാലയത്തിൽ വി.കുർബാനയും മറ്റ് കൂദാശകളും പരികർമ്മം ചെയ്തു സഹായിച്ചിരുന്നു.

**2. ഫാ. സാമുവേൽ തെങ്ങുവിള**

ചന്ദനപ്പള്ളിയിലെ കത്തോലിക്കാ ഇടവകക്കു നേതൃത്വം നൽകിയ തെങ്ങുവിളയിൽ കുഞ്ചാണ്ടിയുടെയും സാറായുടെയും പുത്രനായി അദ്ദേഹം 27-04-1927 ൽ ജനിച്ചു. 16-03-1956 ൽ ഫാ. ഉമ്മൻ അയ്യനേത്ത്, ഫാ. തോമസ് പ്ലാവിള എന്നിവരോടൊപ്പം തട്ടപ്പള്ളിയിൽ വച്ചായിരുന്നു പട്ടംകൊട. ഏറെ തീഷ്ണവാനായ ഒരു മിഷനറിയായിട്ടാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.വളരെ ദുർഘടമായവനമേഖലകളായ പെരുനാട്, ചിറ്റാർ, സീതത്തോട്, ആങ്ങമൂഴി, കുളത്തൂപ്പുഴ, ചോഴിയക്കോട്, ആറ്റൂർ, മാർത്താണ്ഡം തുടങ്ങിയ ഇടവകകളുടെ

സ്ഥാപനത്തിലും, കെട്ടുപണിയിലും അദ്ദേഹം വഹിച്ച നേതൃത്വം വളരെ ശ്രേഷ്ഠകരമായി വിലയിരുത്തപ്പെടുന്നു. ചന്ദനപ്പള്ളി തിരുനാളും, നാട്ടിലെ മറ്റു പരിപാടികളും അദ്ദേഹത്തിന് ഒഴിവാക്കാനാവുമായിരുന്നില്ല. ചന്ദനപ്പള്ളി പെരുന്നാളിന് തെക്കൻ തിരുവിതാംകൂറിലെ കുരുത്തോലത്തോരണങ്ങൾ ആദ്യമായി തയ്യാറാക്കി അവതരിപ്പിച്ചത് തെങ്ങുവിളയിലെ അച്ചനായിരുന്നു. ചേപ്പാട് ഇടവക വികാരിയായിരിക്കുമ്പോഴാണ് 15 - 11 - 1986 ൽ അദ്ദേഹം നിര്യാതനായത്. ഭൗതിക ശരീരം കോട്ടപ്പള്ളിയ്ക്കകത്ത് സംസ്കരിച്ചു.

**3. ഫാ. സാമുവേൽ കാവിൽ**

കാവിൽ കൊച്ചുമ്മൻ കോശിയുടെയും റാഹേലിന്റെയും മകനായി 22.06.1936 ൽ ജനിച്ചു. തിരുവനന്തപുരത്ത് സെമിനാരി പഠനമാരംഭിച്ചു. ഭോപ്പാൽ രൂപതക്കു വേണ്ടി 07 - 04 - 1968 ൽ വൈദികപട്ടം സ്വീകരിച്ചു. 31 വർഷക്കാലം സെമിനാരി റക്ടർ, പ്രൊക്യുറേറ്റർ, കത്തീഡ്രൽ വികാരി, വികാരി ജനറൽ തുടങ്ങിയ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു വരവെ ഒരു റോഡാക്സിഡന്റിൽ ഏതാനും മാസങ്ങൾ ചികിത്സയിലായിരുന്ന ശേഷം 15 - 10 - 1999 ൽ നിര്യാതനായി. ഭൗതിക ശരീരം നമ്മുടെ സെമിത്തേരിയിലാണ് സംസ്കരിച്ചത്.

**4. ഫാ. ജോർജ് കുറ്റിയിൽ**

ചന്ദനപ്പള്ളി ഇടവകയുടെ രൂപീകരണത്തിൽ നേതൃത്വം വഹിച്ചിരുന്ന കുറ്റിയിൽ മാത്തൻ (ഉണ്ണൂണ്ണി) - ഏലിയാമ്മ ദമ്പതികളുടെ മകനായി 31 - 08 - 1930 ൽ ജനിച്ചു. നമ്മുടെ ഇടവക സ്ഥാപനത്തിനെത്തിയ മാർ ഇവാനിയോസ് പിതാവാണ് 24 - 12 - 1930 ൽ കോട്ടപ്പള്ളി ചാപ്പലിൽ വച്ച് മാമോദീസാ നൽകിയത്. 17 - 03 - 1963 - ൽ വൈദികനായി. 42 വർഷക്കാലം അതിരൂപതയുടെ വിവിധ പള്ളികളിൽ വികാരിയായി സേവനം നടത്തി. പ്രേഷിത തീഷ്ണതയിൽ ഏറെ ശ്രദ്ധിക്കപ്പെട്ട പ്രസംഗകൻ, കൺവെൻഷൻ പ്രാസംഗികൻ എന്നീ നിലകളിൽ ശോഭിച്ചിരുന്നു. പ്രേഷിതരായി യുവജനങ്ങളെ സംഘടിപ്പിച്ച് തെരുവുയോഗങ്ങളും മറ്റും നടത്തിയിരുന്നു. ആയുർവേദ പഠനം നടത്തി കേരള ഗവർമെന്റിന്റെ രജിസ്ട്രേഷൻ ലഭിച്ച് ചികിത്സാരംഗത്തും സേവനം അനുഷ്ഠിച്ച തിനാൽ വൈദ്യനച്ചനെന്നും അറിയപ്പെട്ടിരുന്നു. 14 - 07 - 2005 ൽ നിര്യാതനായി. ചന്ദനപ്പള്ളിയിൽ മൃതസംസ്കാരം നടത്തി.

**5. പ്രൊഫ. ഡാനിയേൽ, അയ്യനേത്ത്**

ചന്ദനപ്പള്ളി ഇടവകയ്ക്ക് നേതൃത്വം നൽകിയ ത്രിമൂർത്തികളിൽ ഒരാളായ പ്രശസ്തമായ അയ്യനേത്ത് കുടുംബത്തിലെ ഫിലിപ്പ് സാറിന്റെയും ശോശാമ്മയുടെയും മകനായി 07/03/1924 ൽ ജനിച്ചു. കാൻഡി സെമിനാരിയിൽ പഠിച്ച് അവിടെവച്ചു തന്നെ 15.08.1951 ൽ വൈദിക പട്ടം സ്വീക രിച്ചു. ഇടവകയിൽ നിന്നുമുള്ള ആദ്യത്തെ വൈദികനായ ഫാ. ഡാനിയേൽ അയ്യനേത്തിന്റെ പുത്തൻ കുർബാന മഠം ചാപ്പലിൽ വച്ചാണ് നടത്തിയത്. മലയാള ഭാഷാപണ്ഡിതൻ, സാഹിത്യകാരൻ, കോളേജധ്യാപകൻ, പ്രൊഫസർ, അഞ്ചൽ കോളേജ് പ്രിൻസിപ്പൽ, വാഗ്മി, കൺവെൻഷൻ പ്രാസംഗികൻ, ഫലിതകാരൻ, മിഷനറി തുടങ്ങിയ നിലകളിലെല്ലാം പ്രസിദ്ധനായിരുന്ന ഒരു ബഹുമുഖ പ്രതിഭയായിരുന്നു ഫാ. ഡാനിയേൽ അയ്യനേത്ത്. തിരുനാളിലും സാംസ്കാരിക പരിപാടികളിലും ചന്ദനപ്പള്ളിയിലെ നിത്യസന്ദർശകനായിരുന്നു അദ്ദേഹം. അഞ്ചലിൽ വിശ്രമ ജീവിതത്തിലാ യിരിക്കുമ്പോൾ 10 - 102006 - ൽ നിര്യാതനായി. ചന്ദനപ്പള്ളിയിൽ മൃതസംസ്കാരം നടത്തി.

**6. ഫാ. ഗീവർഗീസ് പെരുമല**

ഫാ. തോമസ് പെരുമലയുടെ സഹോദരപുത്രനായി ചന്ദനപ്പള്ളിയിൽ 25.12.1940.ൽ ജനിച്ച ഫാ. ഗീവർഗീസ്, അങ്ങാടിക്കൽ ഇടവകയാരംഭിച്ചതോടെ അവിടേക്കു താമസം മാറ്റി. 03 - 12 - 1966 - ൽ വൈദികനായി. തിരുവനന്തപുരം അതിരൂപതയിലെ നിരവധിയിടവകകളിലും തെക്കൻതിരുവിതാംകൂറിലും മിഷനറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഏറെക്കാലം സോഷ്യൽ സർവ്വീസ് ഡയറക്ടർ, സണ്ടേസ്കൂൾ ഡയറക്ടർ,

പ്രൊക്കുറേറ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പത്തനംതിട്ട രൂപതയിൽ ചേർന്നു പ്രവർത്തിച്ചു വരവെ 31-12-2012-ൽ നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. അങ്ങാടിക്കൽ പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചത്.

**7. ഫാ. ഉമ്മൻ അയ്യനേത്ത്**

പ്രശസ്തമായ അയ്യനേത്ത് കുടുംബത്തിൽ ഉമ്മൻ കോശിയുടെയും മറിയാമ്മയുടെയും മകനായി ഫാ.ഉമ്മൻ 27.04.1927 ൽ ജനിച്ചു. 16.03.1956 ൽ ഫാ. സാമുവേൽ തെങ്ങുവിളയോടൊപ്പം തട്ടപ്പള്ളിയിൽ വച്ച് വൈദിക പട്ടം സ്വീകരിച്ചു. ഇരുവരുടെയും പുത്തൻ കുർബാന ഒന്നിച്ചുതന്നെ മഠം ചാപ്പലിൽ നടത്തി. ഇടവക വികാരിയായിരിക്കെത്തന്നെ യൂണിവേഴ്സിറ്റി ബിരുദം നേടി മാർ ഇവാനിയോസ് കോളേജിലും, അഞ്ചൽ കോളേജിലും അധ്യാപകനായിരുന്നു. മലയാളം പ്രൊഫസറായി വിരമിച്ചു. സാഹിത്യകാരൻ, കവി, ഗ്രന്ഥകാരൻ, കർണ്ണാടക സംഗീതജ്ഞൻ, ഫലിതകാരൻ, സിനിമാനടൻ, കാലടി സർവ്വകലാശാലാ ബോർഡ് മെമ്പർ, കേരളാഗവർണ്ണറുടെ വിദ്യാഭ്യാസ ഉപദേശക സമിതിയംഗം തുടങ്ങിയ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച വൈദികനാണ് ഫാ.ഉമ്മൻ അയ്യനേത്ത്. ചന്ദനപ്പള്ളി തിരുനാൾ ഒരു വർഷവും മുടക്കിയിരുന്നില്ല. തിരുനാൾ പ്രധാനദിനങ്ങളിൽ ശ്രുതിമധുരമായ ഗാനങ്ങൾ ആലപിച്ച് വിശ്വാസികളുടെ മുഗ്ദ്ധകണ്ഠമായ പ്രശംസകൾ പിടിച്ചു പറ്റിയിരുന്നു. കേശവദാസപുരത്ത് ക്ലർജി ഹൗസിൽ വിശ്രമ ജീവിതത്തിലായിരിക്കെ 18-11-2015-ൽ നിര്യാതനായി. ചന്ദനപ്പള്ളിയിൽ മൃതസംസ്കാരം നടത്തി.

മാർ ഇവാനിയോസ് പിതാവിന്റെ രോഗശയ്യയ്ക്കടുത്ത് മരണസമയത്ത് ശുശ്രൂഷ ചെയ്ത് പ്രാർത്ഥി ക്കുവാനും, മരണവാർത്ത മൈക്കനൗൺസ്മെന്റായി അറിയിക്കുവാനും, “ആ ദിവ്യദീപം പൊലിഞ്ഞൂ, മാർ ഇവാനിയോസ് താതൻ മറഞ്ഞൂ” എന്നുള്ള ഈരടികൾ ഉടൻതന്നെ രചിച്ച് വിലാപയാത്രയിലുടനീളം പാടുവാനും ചന്ദനപ്പള്ളിക്കാരനായ ഉമ്മൻ ശെമ്മാശ്ശന് സാധിച്ചത് വലിയ ഭാഗ്യമായിരുന്നുവെന്ന് ശാമുവൽ അച്ചൻ അനുസ്മരിക്കുന്നു.

**8. ഫാ. ഡാനിയേൽ വടക്കേക്കര കോർഎപ്പിസ്കോപ്പ**

വടക്കേക്കര പീലിപ്പോസിന്റെയും ശോശാമ്മയുടെയും മകനായി 12.07.1930 ൽ ജനിച്ച ഫാ.ദാനിയേൽ 14.03.1961 ൽ വൈദികനായി. തിരുവനന്തപുരം അതിരൂപതയിലെ വിവിധ ദേവാലയങ്ങളിൽ വികാരിയായും ചെങ്ങന്നൂർ, ആയൂർ, കോന്നി, വൈദിക ജില്ലാവികാരിയായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ശെമ്മാശനായിരിക്കുമ്പോൾത്തന്നെ പ്രേഷിതപ്രവർത്തനത്തിന് പ്രത്യേക താത്പര്യം കാട്ടിയിരുന്നു. ളാക്കൂർ ഇടവക സ്ഥാപനത്തിന് ശെമ്മാശന്റെ പങ്കും നിർണ്ണായകമായിട്ടുണ്ട്. സേവനങ്ങളുടെ അംഗീകാരമായി 07.06.2008ൽ അദ്ദേഹത്തിന് കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി സഭ ആദരിച്ചു. പത്തനംതിട്ട രൂപതയിൽ ചേർന്നു പ്രവർത്തിച്ചിരുന്നു. വാർധക്യകാല വിശ്രമജീവിതം നയിക്കുമ്പോൾ പത്തനംതിട്ട സ്നേഹഭവനിൽ വച്ച് 01-04-2016 ൽ നിര്യാതനായി. ചന്ദനപ്പള്ളിയിൽ മൃതസംസ്കാരം നടത്തി. ഇടവകയോടും ദേശത്തോടും പ്രത്യേക സ്നേഹബന്ധം പുലർത്തിയിരുന്നു. മരണം തുടങ്ങിയ കാര്യങ്ങളിൽ ദേശത്തുള്ളവരുടെ ഭവനങ്ങളിൽ എത്തിച്ചേർന്ന് പ്രാർത്ഥിച്ചിരുന്നു.

**9. ഫാ. സാമുവേൽ പള്ളിവാതുക്കൽ**

ഫാ. ഡാനിയേൽ വടക്കേക്കരയുടെയും ഫാ.ഗിവർഗ്ഗീസ് പീടികയിലിന്റെയും പ്രേരണയിൽ തെങ്ങുവിളയിൽ ശാമുവേൽ ശെമ്മാശന്റെ സ്വാധീനത്തിൽ യാക്കോബായ സഭാംഗമായിരിക്കെത്തന്നെ സെമിനാരിയിൽ ചേർന്ന ഫാ.സാമുവേൽ പള്ളിവാതുക്കൽ, കല്ലുവളയത്തിൽ കുടുംബത്തിന്റെ പുനരൈക്യത്തിന് കാരണക്കാരനായി. തൃശ്ശിനാപ്പള്ളി സെമിനാരിയിൽ പഠിക്കുമ്പോഴാണ് 1957ൽ കുടുംബാംഗങ്ങൾ പുനരൈക്യപ്പെടുന്നത്. കല്ലുവളയത്തിൽ യോഹന്നാന്റെയും മറിയാമ്മയുടെയും മകനായി ഫാ.സാമുവേൽ

2.06.1933ൽ ജനിച്ചു. 24.03.1962ൽ ത്രിശ്ശിനാപ്പള്ളിയിൽ വെച്ച് പട്ടം സ്വീകരിച്ചു. 26.03.1962ൽ മഠം ചാപ്പലിൽ പുത്തൻ കുർബാന ചൊല്ലി. തിരുവനന്തപുരം അതിരൂപതയിലെ വിവിധ പള്ളികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തെക്കൻ തിരുവിതാംകൂറിലെ തമലം, ബാലരാമപുരം, കാട്ടാക്കട,നെയ്യാറ്റിൻകര, ഭാഗങ്ങളിൽ മിഷൻ പ്രവർത്തനങ്ങളിൽ അതീവ തത്പരനായിരുന്നു.

1989 മുതൽ ദൈവകാരുണ്യഭക്തിയിൽ പ്രത്യേക താത്പര്യം കാണിക്കുകയും സന്യാസ സമാനമായ ജീവിതം പുലർത്തിപ്പോരുകയും ചെയ്തിരുന്നു. ദൈവകാരുണ്യ ജപമാലയും മറ്റും പ്രചരിപ്പിക്കുവാൻ കേരളത്തിലെമ്പാടും പുസ്തകം, പടം, കലണ്ടർ തുടങ്ങിയവ അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്തിരുന്നു. ദൈവകാരുണ്യ ഭക്തിയുടെ പുസ്തകം 28 എഡിഷനുകളിലായി രണ്ടര ലക്ഷത്തോളം കോപ്പികളാണ് വിതരണം നടത്തിയത്. ഇവയുടെ ആവശ്യത്തിലേക്കായി കടുംബസ്വത്ത് വിറ്റ് ചെലവഴിച്ചിരുന്നുവെന്നതും പ്രത്യേകം പ്രസ്താവിക്കേണ്ട കാര്യമാണ്. ഉാക്കൂർ, മദ്രാസ്, പാടി ഇടവകകളുടെ രൂപീകരണത്തിന് വലിയ പങ്കു വഹിച്ചിട്ടുണ്ട്. മരിക്കുമ്പോൾ മിഷൻ മേഖലയിൽതന്നെ സംസ്കരിക്കണമെന്ന് കുടുംബാംഗങ്ങളോട് ആവശ്യപ്പെട്ടിരുന്നു. വാർദ്ധക്യസഹജമായ വിശ്രമ ജീവിതം പിരപ്പൻകോട് ക്ലർജി ഹൗസിൽ നയിക്കവെ 15.07.2017ൽ നിര്യാതനായി. കുടുംബാംഗങ്ങളുടെ അഭ്യർത്ഥന സ്വീകരിച്ച കർദ്ദിനാൾ ക്ലീമിസ് പിതാവ് ചന്ദനപ്പള്ളിയിൽ മൃതസംസ്കാരത്തിന് അനുവദിക്കുകയാണുണ്ടായത്.

**ആ സുവിശേഷ വയലിലെ വേലക്കാർ**

**10. ഫാ. ജോൺ കുറ്റിയിൽ**

കുറ്റിയിൽ മത്തായി സാറിന്റെയും കുഞ്ഞാമ്മയുടെയും മകനായി 30.12.1939ൽ ജനിച്ചു. 26.1.1971ൽ വൈദികനായി. തിരുവനന്തപുരം അതിരൂപതയിലെയും പത്തനംതിട്ട രൂപതയിലെയും വിവിധ പള്ളികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ പിറവന്തൂർ ഇടവക വികാരിയാണ്. കൃഷിയിൽ പ്രത്യേക വാസനയുള്ള അച്ചൻ സേവനം ചെയ്തിട്ടുള്ള പള്ളിപ്പുരയിടങ്ങളിൽ ഫലവൃക്ഷങ്ങളും കൃഷിയും നടത്തി പ്രകൃതി സംരക്ഷണത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

ചന്ദനപ്പള്ളി തിരുനാളിന് അച്ചൻ ശുശ്രൂഷ ചെയ്ത ഇടവകകളിൽ നിന്നെല്ലാം തന്നെ ബസ് ക്രമീകരിച്ച് ഇടവകജനങ്ങളെ തീർത്ഥാടകരായി കൊണ്ടുവന്നിട്ടുള്ളത് നന്ദിയോടെ ഓർക്കുന്നു. മാത്രവുമല്ല ആ ഇടവകകളിലെല്ലാം വി.ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാളാഘോഷത്തിനു തുടക്കമിടുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

**11. ഫാ. സാമുവേൽ ഇടമണ്ണിൽ**

അമ്മാച്ചനായ ഫാ. സാമുവേൽ പള്ളിവാതുക്കലിന്റെ പൗരോഹിത്യ ശുശ്രൂഷയിൽ ആകൃഷ്ടനായി, ഉാക്കൂർ ഇടവകാംഗമായിരുന്ന ഇടമണ്ണിൽ മത്തായിയുടെയും പള്ളിവാതുക്കൽ അന്നമ്മയുടെയും മകനായി 27.03.1946ൽ ജനിച്ചു. പിതാവിന്റെ മരണശേഷം ചന്ദനപ്പള്ളിയിലേക്ക് മാറിത്താമസിച്ചതിനാൽ 1964 മുതൽ ഇടവകാംഗമാണ്. 18.12.1972ൽ തട്ടയിൽ വച്ച് മറ്റു നാലു വൈദികരോടൊപ്പം വൈദിക പട്ടം സ്വീകരിച്ചു. തിരുവനന്തപുരം അതിരൂപതയിലെ വിവിധ പള്ളികളിലും തമിഴ്നാട്ടിൽ ആറ്റൂർ ഇടവകയിലും വികാരിയായി സേവനം ചെയ്തിട്ടുണ്ട്. 3 വർഷക്കാലം പിരപ്പൻകോട് കുഷ്ഠരോഗാശുപത്രിയുടെ ഡയറക്ടറായി ചുമതല വഹിച്ചു. ഇപ്പോൾ കടയയിടവക വികാരിയാണ്. മദ്രാസ്-പാടിയിടവകയുടെ സ്ഥാപനത്തിനു മുന്നോടിയായി ഫാ. സാമുവേൽ പള്ളിവാതുക്കലിനോടൊപ്പം നേതൃത്വം വഹിച്ചിരുന്നു.

**12. ഫാ. ഗ്രിഗോറിയോസ് കോയിക്കലേത്ത് OIC**

ചന്ദനപ്പള്ളിയിൽ നിന്നും ബഥനിയിലേക്കുള്ള ദൈവവിളിയുടെ ആദ്യ കണ്ണിയായിത്തീർന്നത് കോയിക്കലേത്ത് ഭവനത്തിൽ ജോണിന്റെയും കുഞ്ഞാമ്മയുടെയും മകനായി 1.2.1946ൽ ജനിച്ച് 06.05.1974ൽ

വൈദികനായിത്തീർന്ന ഫാ. ഗ്രിഗോറിയോസ് OICയാണ്. വിവിധ രൂപതകളിലായി ആശ്രമങ്ങളിലും ഇടവകകളിലും ശുശ്രൂഷ ചെയ്തു. ബിരുദവും ബിരുദാനന്തര ബിരുദങ്ങളും നേടി. വിവിധ വിദ്യാലയങ്ങളിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. ചുനക്കര ചെറുപുഷ്പം ഹൈസ്കൂളിന്റെ സ്ഥാപനത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. വേറ്റിനാട് ദേവാലയത്തിന്റെ മുമ്പിലുള്ള ഗ്രോട്ടോ നിർമ്മിച്ചത് അച്ചനായിരുന്നു. കൽക്കട്ടയിലും കുറെക്കാലം സേവനം നടത്തിയിരുന്നു. ഇപ്പോൾ പത്തനംതിട്ട മൗണ്ട് താബോർ ആശ്രമത്തിൽ ധ്യാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കുന്നു.

**13. ഫാ. സാമുവേൽ കിടങ്ങിൽ OIC**

ചന്ദനപ്പള്ളിയിൽ നിന്നുള്ള ബഥനിയുടെ രണ്ടാമത്തെ വൈദികൻ ഫാ. സാമുവേൽ കിടങ്ങിൽ കെ. പി മത്തായി, മറിയാമ്മ ദമ്പതികളുടെ മകനായി 22.5.1958 ൽ ജനിച്ചു. 19.10.1988 ൽ വൈദികനായിത്തീർന്ന അദ്ദേഹം വിവിധ രൂപതകളിലെ ആശ്രമങ്ങളിലും, ദേവാലയങ്ങളിലും സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ ജർമ്മനിയിൽ സേവനം അനുഷ്ഠിക്കുന്നു.

**14. ഫാ. ജോൺ ഇലവിനാക്കുഴിയിൽ OIC**

അങ്ങാടിക്കൽ ഇടവകാംഗമാണെന്നു വരുകിലും പെരുമല തോമസച്ചന്റെ സഹോദരനായ ജോർജിന്റെ മകനായി 04/11/1963 ൽ ജനിച്ച ജോണച്ചന് ചന്ദനപ്പള്ളി മാതൃ ഇടവകയാണ്. ചന്ദനപ്പള്ളിക്കാർക്ക് അച്ചൻ ഇടവകാംഗവുമാണ്. പെരുമല കുടുംബക്കാർ ചന്ദനപ്പള്ളിയിൽ നിന്നും മറ്റിടങ്ങളിലേക്ക് മാറിത്താമസിച്ചിട്ടു ണ്ടെങ്കിലും മാതൃ ഇടവകയായി ചന്ദനപ്പള്ളിയെ എന്നും കരുതുന്നവരാണ്. 29.12.1993ൽ വൈദികനായി വിവിധ രൂപതകളിലെ ഇടവകകളിലും ആശ്രമങ്ങളിലും സേവനം ചെയ്തിട്ടുണ്ട്.

പൂന, ബോംബെ തുടങ്ങിയ ഇടവകകളിൽ നിന്നും ആദ്യമായി ബാഹ്യകേരളത്തിന്റെ പ്രതിനിധികളെ പുനരൈക്യവാർഷികത്തിനും പദയാത്രയ്ക്കും പങ്കെടുപ്പിക്കുന്നതിൽ അച്ചൻ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. ഇപ്പോൾ ജർമ്മനിയിൽ ശുശ്രൂഷ ചെയ്യുന്നു.

**15. റവ. ഡോ. ഗീവർഗീസ് കുറ്റിയിൽ OIC**

പ്രേഷിതരംഗത്ത് ഏറെ സംഭാവനകൾ നൽകിയിട്ടുള്ള കുറ്റിയിൽ കുടുംബത്തിൽ നിന്നുള്ള ബഥനി യുടെ അഭിഷിക്തനാണ് ഫാ. ഗീവർഗീസ് കുറ്റിയിൽ. ഫാ.ജോർജ് കുറ്റിയിലിന്റെ സഹോദരനായ കെ.എം ജോയിയുടെയും ഗ്രേസിക്കുട്ടിയുടെയും മകനായി 29.10.1968 ൽ ജനിച്ചു. സതീർത്ഥ്യനായിരുന്ന അയ്യനേത്ത് ജോർജിനോടൊപ്പം ബഥനിയിൽ ചേർന്നു. 28.12.1995 ൽ ഇരുവരും വൈദികരായി. രണ്ടുപേരും റോമിൽ ഉപരിപഠനം നടത്തുകയും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു. 3 വർഷക്കാലം ബഥനി നവജീവൻ പ്രോവിൻസിന്റെ പ്രോവിൻഷ്യാളായി സേവനമനുഷ്ഠിച്ചിരുന്നു. ഇപ്പോൾ പൂനയിലെ ബഥനി ആശ്രമത്തിൽ സേവനമനുഷ്ഠിക്കുന്നു.

**16. റവ. ഡോ. ജോർജ്ജ് അയ്യനേത്ത് OIC**

അയ്യനേത്ത് കുടുംബത്തിൽ ശ്രേഷ്ഠമായ ബഥനി പാരമ്പര്യം കാക്കുന്ന ബഥനി സഭാംഗമാണ് ജോർജ് അയ്യനേത്തച്ചൻ. ഫാ.ഡാനിയേൽ അയ്യനേത്തിന്റെ സഹോദരപുത്രനും ഫാ.ബോസ്കോ OICയുടെ സഹോദരീപുത്രനുമാണ് ഫാ. ജോർജ് അയ്യനേത്ത്. ജോസഫിന്റെയും അന്നമ്മയുടെയും മകനായി ജോർജ് 25.12.1968 ൽ ജനിച്ചു. 28.12.1995 ൽ വൈദികപട്ടം സ്വീകരിച്ചു. റോമിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ വിഷയങ്ങളിലുണ്ടാകുന്ന ആനുകാലിക പ്രവണ തകൾക്കെതിരെ ശക്തമായ പ്രതികരണങ്ങളിലൂടെ ദിനപത്രങ്ങളിലും ആനുകാലികങ്ങളിലും ഈടുറ്റലേഖനങ്ങൾ അദ്ദേഹം എഴുതിവരുന്നു. ഈ രംഗത്ത് പവ്വത്തിൽ തിരുമേനി, ഫാ. എ.അടപ്പൂർ തുടങ്ങിയവരോടൊപ്പം നിൽക്കുന്ന വ്യക്തിത്വമാണ് അദ്ദേഹത്തിനുള്ളത്.

**17. ഫാ. തോമസ് പ്രമോദ് പാലവിള OIC**

ചന്ദനപ്പള്ളിയിൽ നിന്നുള്ള ബഥനിയുടെ 5-ാമത്തെ വൈദികനാണ് പാലവിളയിൽ ഏബ്രഹാമിന്റെയും കുഞ്ഞൂഞ്ഞമ്മയുടെയും മകനായി 10.04.1979 ൽ ജനിച്ച് 19.11.2007 ൽ വൈദികനായിത്തീർന്ന പ്രമോദച്ചൻ. വിവിധ രൂപതകളിലെ ആശ്രമങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്തിരുന്ന അദ്ദേഹമിപ്പോൾ റോമിൽ ഉപരിപഠനത്തിലാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ ചിന്തകനും ഗ്രന്ഥകാരനുമെന്ന നിലയിൽ അംഗീകാരം നേടിയിട്ടുണ്ട്.

**18. ഫാ. ജിത്ത് ജോൺ പള്ളിവാതുക്കൽ OIC**

ചന്ദനപ്പള്ളിയിൽ നിന്നുള്ള ബഥനി കുടുംബത്തിലെയും ഇടവകയിലെയും കുഞ്ഞച്ചനാണ് ഫാ.ജിത്ത്. പള്ളിവാതുക്കൽ കുടുംബത്തിൽ നിന്നുള്ള മൂന്നാം തലമുറക്കാരനായ വൈദികൻ. പള്ളിവാതുക്കൽ ജോയി-കുഞ്ഞുമോൾ ദമ്പതികളുടെ ഇളയ മകനായി ജിത്ത് 03.06.1981 ൽ ജനിച്ചു. 19.11.2009 ൽ വൈദികനായി. ബഥനിയുടെ വിവിധ ആശ്രമങ്ങളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്തു. ഇപ്പോൾ ജർമ്മനിയിൽ സേവനമനുഷ്ഠിക്കുന്നു.

**19. ബ്രദർ സാം കോശി, കാവിൽ സായൂജ്യ ഭവൻ**

ചന്ദനപ്പള്ളി ഇടവകയിൽ നിന്നും വൈദിക പഠനത്തിൽ തുടരുന്ന ഏകസെമിനാരിക്കാരനാണ് ബ്ര. സാം കോശി. ബഥനി നോവീഷ്യേറ്റിൽ പഠിക്കുന്നു. ഫാ. സാമുവേൽ കാവിലിന്റെയും സിസ്റ്റർ അമൃതയുടെയും സഹോദരൻ മത്തായിക്കുട്ടിയുടെയും തെങ്ങുവിള അമ്മുക്കുട്ടിയുടെയും കൊച്ചുമകനാണ് ബ്ര.സാം കോശി. കാവിൽ സായൂജ്യ ഭവനത്തിൽ ഷാജിയും ഏഞ്ചലുമാണ് മാതാപിതാക്കൾ.

**ചന്ദനപ്പള്ളി ഇടവകാംഗങ്ങളായ സന്യാസിനികൾ**

**1. റവ. സിസ്റ്റർ ക്ലയോഫാ മേരി**

ഇടവക സ്ഥാപനത്തിന് മുന്നണിയിൽ നിന്നും പ്രവർത്തിച്ചിരുന്ന കുറ്റിയിൽ മാത്തൻ (ഉണ്ണൂണ്ണി)-ഏലിയാമ്മ ദമ്പതികളുടെ മകൾ സിസ്റ്റർ ക്ലയോഫാമേരി 7.08.1926 ൽ ജനിച്ചു. തമിഴ്നാട്ടിലുള്ള സെന്റ് ആൻസ് കോൺഗ്രിഗേഷനിൽ സന്യാസിനിയായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. ഇടവകാംഗമായ കാഞ്ഞിരത്തും മൂട്ടിൽ സിസ്റ്റർ ലില്ലിക്കുട്ടിയെയും അതേ കോൺഗ്രിഗേഷനിൽ ചേർന്നു പ്രവർത്തിക്കുവാൻ പ്രേഷിതയായി വർത്തിച്ചു. 21.05.1998 ൽ നിര്യാതയായി. മൃതദേഹം തേനി പെരിയകുളത്തു സംസ്കരിച്ചു.

**2. സിസ്റ്റർ ജോസഫൈൻ SIC**

ചന്ദനപ്പള്ളിയിലെ പുനരൈക്യത്തിന് നേതൃത്വം നൽകിയ തെങ്ങുവിളയിൽ കുഞ്ചാണ്ടിയുടെയും സാറായുടെയും മകളായി 28.03.1930 ൽ ജനിച്ചു. 15.05.1953 ൽ സന്യാസിനിയായി വ്രതമേറ്റു. അതിരൂപതയുടെ വിവിധ സ്കൂളുകളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ചന്ദനപ്പള്ളി മഠത്തിലും, കൊടുമൺ സെന്റ് പീറ്റേഴ്സ് സ്കൂളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിശ്രമജീവിതം നാലാഞ്ചിറയിൽ തുടരുന്ന അവസരത്തിൽ 26.09.2017 ൽ കർതൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു.

**3. സിസ്റ്റർ പൗളിൻ SIC**

സിസ്റ്റർ ജോസഫൈന്റെ ഇളയ സഹോദരിയായി 29.07.1932 ൽ ജനിച്ചു. നമ്മുടെ ഇടവകയിൽ മാമോദീസാ സ്വീകരിച്ച ആദ്യ വനിതയും രണ്ടാമത്തെ അംഗവുമാണ് സിസ്റ്റർ. 07.05.1954 ൽ വ്രതവാഗ്ദാനം നടത്തി. നിരവധി മഠങ്ങളിൽ താമസിച്ചുകൊണ്ട് ഇടവകകളിൽ മിഷൻ പ്രവർത്തനത്തിന് നേതൃത്വം വഹിച്ചു. അംഗവൈകല്യമുള്ള കുട്ടികളുടെ ശിക്ഷണത്തിലും പരിചരണത്തിലും പ്രത്യേക താത്പര്യം കാട്ടിയിരുന്നു. പൂക്കൾ കടലാസ് തുടങ്ങിയവയിൽ അലങ്കാരപ്പണിയിൽ പ്രത്യേക കഴിവുണ്ടായിരുന്ന സിസ്റ്റർ ചന്ദനപ്പള്ളി പെരുന്നാൾ

മുടക്കിയിരുന്നില്ല. ഇപ്പോൾ നാലാഞ്ചിറയിൽ വിശ്രമ ജീവിതം നയിക്കുന്നു. ജേഷ്ഠത്തി സിസ്റ്റർ ജോസഫൈൻ ചികിത്സയിലായിരുന്ന നാളുകളിൽ അടുത്തു നിന്ന് ശുശ്രൂഷ നൽകത്തക്കവിധം ഒരേ മഠങ്ങളിൽ ഇരുവരെയും അധിവസിപ്പിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെന്നതും ഭാഗ്യമായി കരുതാവുന്നതാണ്. അന്തരിച്ച സാമുവൽ തെങ്ങുവിളയച്ചൻ ജ്യേഷ്ഠസഹോദരനും, സിസ്റ്റർ സുഷമ SIC സഹോദര പുത്രിയുമാണ്.

### 4. സിസ്റ്റർ രൂത്ത് SIC

ചന്ദനപ്പള്ളിയിൽ പുനരൈക്യം നടന്ന ആദ്യനാളുകളിൽത്തന്നെ പൂവണ്ണുംവിള മാവുള്ളതിൽ ചെറിയാനും കുടുംബവും ഇടവകാംഗമായി. ചെറിയാന്റെ മകളായി സിസ്റ്റർ രൂത്ത് 27/05/1936 ൽ ജനിച്ചു. 08/06/61 ൽ വ്രത വാഗ്ദാനം ചെയ്തു. വിവിധ മഠങ്ങളിൽ താമസിച്ചുകൊണ്ട് ഇടവകകളിൽ മിഷൻ ശുശ്രൂഷ നടത്തിവരുന്നു. ഇപ്പോൾ ഇളമാട് ബഥനി മഠത്തിൽ താമസിക്കുന്നു. ഇടവക തിരുനാളിന് പതിവായി സംബന്ധിക്കും.

### 5. സിസ്റ്റർ മേരി പ്രതിമ SND

പെരുമല തോമസച്ചന്റെയും ശോശാമ്മയുടെയും മകളായി 06/01/1937ൽ ജനിച്ചു. 08/12/1958 - ൽ നോട്ടർഡാം സിസ്റ്റേഴ്സിന്റെ മഠത്തിൽ പാറ്റ്നയിൽ സന്യാസിനിയായി. ഉത്തരേന്ത്യയിലായിരുന്നു സിസ്റ്ററിന്റെ പ്രേഷിതരംഗം. ബംഗാൾ, ബിഹാർ, മധ്യപ്രദേശ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രേഷിതയായി പ്രവർത്തിച്ചു. പ്രിൻസിപ്പാൾ, മഠം സുപ്പീരിയർ, അസിസ്റ്റന്റ് പ്രൊവിൻഷ്യാൾ തുടങ്ങിയ ചുമതലകൾ നിർവ്വഹിച്ചു. 2011 ൽ വ്രതവാഗ്ദാനത്തിന്റെ കനകജൂബിലി ഇടവകപ്പള്ളിയിൽവച്ച് ആഘോഷിച്ചു.

### 6. സിസ്റ്റർ ലില്ലിക്കുട്ടി കാഞ്ഞിരത്തുംമൂട്ടിൽ SAT

കുറ്റിയിൽ സിസ്റ്റർ ക്ലയോഫാമേരിയുടെ പ്രേരണയിലാണ് സിസ്റ്റർ ലില്ലിക്കുട്ടി സെന്റ് ആൻസ് കോൺഗ്രിഗേഷനിൽ സന്യാസിനിയായത്. ചന്ദനപ്പള്ളിയിലെ പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ തന്നെ പുനരൈക്യപ്പെട്ട കാഞ്ഞിരത്തുംമൂട്ടിൽ തോമസിന്റെ മകളായി 1949 നവംബർ 11 ന് ജനിച്ചു. 1979 മെയ് 19 ന് വ്രതവാഗ്ദാനം നടത്തി. 2004 മെയ് 23 ന് രജത ജൂബിലി ആഘോഷിച്ചു. ഇപ്പോൾ നെയ്യാറ്റിൻകര കാഞ്ഞിരംകുളത്ത് താമസിച്ച് മിഷൻ പ്രവർത്തനം നടത്തുന്നു.

### 7. സിസ്റ്റർ അമൃത SIC

കാവിൽ കൊച്ചുമ്മൻ കോശിയുടെയും റാഹേലമ്മയുടെയും മകളായി സിസ്റ്റർ അമൃത 23/07/1954-ൽ ജനിച്ചു 08/05/1972-ൽ ബഥനി മഠത്തിൽ ചേർന്ന് വ്രതവാഗ്ദാനം നടത്തി. വിവിധ സ്കൂളുകളിൽ അധ്യാപികയായും പ്രഥമാധ്യാപികയായും സേവനം അനുഷ്ഠിച്ചു. POC യിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ മഞ്ഞക്കാലാ സെന്റ് മേരീസ് ഇ.എം.സ്കൂൾ പ്രിൻസിപ്പലായി സേവനം ചെയ്യുന്നു. അന്തരിച്ച ഫാ. സാമുവേൽ കാവിലിന്റെ സഹോദരിയാണ്.

### 8. സിസ്റ്റർ സുഷമ SIC

പ്രശസ്തമായ തെങ്ങുവിളയിൽ കുടുംബത്തിൽ ദാവീദിന്റെയും കുഞ്ഞാമ്മയുടെയും മകളായി 05-04-1960ൽ ജനിച്ചു. 14/05/1982ൽ ബഥനി സന്യാസിനിയായി വ്രതമേറ്റു. നിരവധി മഠങ്ങളിലും ഇടവകകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സംഗീതത്തിൽ സ്വതവേവാസനയുള്ള സിസ്റ്ററിനെ പ്രത്യേകം സംഗീതം അഭ്യസിപ്പിക്കുവാൻ മഠാധികൃതർ തയ്യാറായി. അനുഗ്രഹീത ഗായികയായി നിരവധി ഗാനങ്ങൾ കാസറ്റുകളിലും മറ്റും പാടിയിട്ടുണ്ട്. കൗൺസി ലിംഗിൽ പ്രത്യേക പരിശീലനം നേടി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കൗൺസിലിംഗ് ക്ലാസ്സുകളും ക്യാമ്പുകളും നടത്തുന്നു. ഇപ്പോൾ ആങ്ങമൂഴി മഠത്തിൽ താമസിച്ചുകൊണ്ട് ശുശ്രൂഷ ചെയ്യുന്നു. തെങ്ങുവിളയിൽ സാമുവേലച്ചന്റെയും സിസ്റ്റർ ജോസഫൈൻ, സിസ്റ്റർ പൗളിൻ എന്നിവരുടെയും സഹോദരപുത്രിയാണ്. പത്തനംതിട്ട രൂപതാ സുവിശേഷ സംഘാംഗമായി 13/07/2018ൽ അഭിഷിക്തയാണ്.

**9. സിസ്റ്റർ അമല SIC**

ചന്ദനപ്പള്ളിയിലെ പുനരൈക്യത്തിന്റെ മുന്നണിയിൽ പ്രവർത്തിച്ചിരുന്ന അക്കരപെരുമല കുടുംബത്തിൽ കുഞ്ഞൂഞ്ഞിന്റെയും തങ്കമ്മയുടെയും മകളായി സിസ്റ്റർ അമല 30/5/1978ൽ ജനിച്ചു. 01/05/2002ൽ ബഥനി സന്യാസിനിയായി വ്രതമേറ്റു. വിവിധ മഠങ്ങളിൽ താമസിച്ചു കൊണ്ട് മിഷൻ പ്രവർത്തനം നടത്തുന്നു. ഇപ്പോൾ കൽക്കട്ടയിലാണ് സേവനം ചെയ്യുന്നത്.

**10 സിസ്റ്റർ മെറീനാ SND പെരുമല**

പ്രശസ്തമായ പെരുമല കുടുംബത്തിൽ ഫാ. ഗീവർഗീസ് പെരുമലയുടെ സഹോദരൻ എം. ജോയിയുടെയും പൊന്നമ്മയുടെയും മകളായി സിസ്റ്റർ മെറീന 06/01/1970ൽ ജനിച്ചു. പെരുമല സിസ്റ്റർ മേരി പ്രതിമയുടെ പ്രേരണയിൽ നോട്ടർഡാം സിസ്റ്റേഴ്സിന്റെ കോൺഗ്രിഗേഷനിൽ 25/05/1992ൽ വ്രതം സ്വീകരിച്ചു. ഇന്ത്യയുടെ പല ഭാഗങ്ങളിൽ പ്രേഷിതയായി പ്രവർത്തിച്ചു, കൊമേഴ്സിൽ ബിരുദാനന്തരബിരുദം നേടി ഇന്ത്യയുടെ പ്രൊവിൻഷ്യൽ ഹൗസിൽ പ്രോക്യുറേറ്ററായി സേവനം അനുഷ്ഠിച്ചിരുന്നു. ഇപ്പോൾ റോമിൽ സന്യാസസഭയുടെ ട്രഷറർ ജനറലായി ചുമതല നിർവ്വഹിക്കുന്നു. വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി 30/09/2017ൽ ചന്ദനപ്പള്ളിയിൽ വച്ചുനടത്തി.

**മൂറോൻ മണക്കുന്ന തീർത്ഥാടനപ്പള്ളി**

പള്ളിയുടെ പുനരുദ്ധാരണത്തിനായി ബഹുമാനപ്പെട്ട സഖറിയാസ് നെടിയകാലായിലച്ചൻ തുടക്കമിട്ടെങ്കിലും സോളമനെപ്പോലെ പണി ഏറ്റെടുത്തു നടപ്പാക്കുവാൻ ചരിത്രനിയോഗം ലഭിച്ചത് ഫാ.സജി മാടമണ്ണിലിനാണ്. 2014 ജൂണിൽ വികാരിയായി എത്തിയ സജിയച്ചൻ പള്ളിപണിയ്ക്കുള്ള തയ്യാറെടുപ്പുകളാരംഭിച്ചു. വലുപ്പത്തിലും, രൂപകൽപ്പനയിലും, ശില്പഭംഗിയിലും ഏറെക്കാലം മലങ്കര സഭയിലെ ഏറ്റവും വലിയ പള്ളിയായി അംഗീകരിക്കപ്പെട്ടിരുന്ന ചന്ദനപ്പള്ളിയുടെ പുനരുദ്ധാരണം വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ടതാണെന്ന ബോധ്യത്തിലാവും യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി സജിയച്ചനെ പണിയേൽപ്പിച്ചത്. നിരവധി ദേവാലയങ്ങളും മറ്റും പണിതീർത്ത് മികവ് തെളിയിച്ച സജിയച്ചൻ ഗുരുവിനെക്കാൾ ശ്രേഷ്ഠതയുള്ള ശിഷ്യൻ എന്ന ചൊല്ല് അന്വർത്ഥമാക്കുന്നതരത്തിൽ ആന്റണിയച്ചന്റെ സാമർത്ഥ്യത്തെ വെല്ലുന്ന വിധത്തിൽ പള്ളിയുടെ നിർമിതിയിലും ആസൂത്രണത്തിലും അതിസമർത്ഥനെന്ന് തെളിയിച്ചു കൊണ്ടിരിക്കുന്നു. വന്ദ്യ ആന്റണിയച്ചൻ മാമോദീസാ നൽകിയ ബാലനാണിന്നത്തെ സജിയച്ചനെന്ന കാര്യവും നിയോഗത്തിന്റെ സവിശേഷയോഗ്യതയായി കണക്കാക്കാവുന്നതാണ്.

ഗുരുദക്ഷിണയായിട്ടായിരിക്കണം, പഴയപള്ളി പൊളിക്കുന്നതിനുമുമ്പ് തൈക്കാട്ടുശ്ശേരിയിലുള്ള ആന്റണിയച്ചന്റെ കബറിടത്തിൽ നമസ്കരിച്ച് ധൂപമർപ്പിച്ച് മധ്യസ്ഥതയും ആശിർവാദവും അഭ്യർത്ഥിച്ചതിനുശേഷമാണ് നിർമ്മാണപ്രക്രിയ ആരംഭിച്ചത്. പുതിയ ദേവാലയത്തിന്റെ നിർമ്മാണത്തിന് 3 ഘട്ടങ്ങൾ അദ്ദേഹം നിശ്ചയിച്ചത് വലിയ ദീർഘവീക്ഷണത്തോടുകൂടിയായിരുന്നു. മദ്ബഹായും മുഖവാരവും നിർമ്മിച്ച ശേഷമാണ് ഹൈക്കലാ നിർമ്മിച്ചത്. ഏതാണ്ട് മൂന്നര വർഷത്തോളം വി.കുർബാനയും ആരാധനയും തടസ്സമില്ലാതെ നടത്താൻ സാധിച്ചത് ആസൂത്രണത്തിലുള്ള ദീർഘവീക്ഷണം കൊണ്ടാണ്. ആദ്യഘട്ടമായി മദ്ബഹായുടെ ശിലാസ്ഥാപനം 2015 ഫെബ്രുവരി 8ന് നിർവ്വഹിച്ചത് അതിഗംഭീരമായ ചടങ്ങുകളോടെയായിരുന്നു. പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ആശീർവദിച്ച അടിസ്ഥാനശില 2015 ജനുവരി 24ന് രൂപതാദ്ധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയിൽ നിന്നും ഏറ്റുവാങ്ങി കത്തീഡ്രൽ ദേവാലയത്തിലെത്തിച്ചു. ഫെബ്രുവരി 1ന് തൈക്കാട്ടുശ്ശേരിയിലെ ആന്റണി കേളമ്പറമ്പിലച്ചന്റെ കബറിടത്തിൽ വച്ച് പ്രാർത്ഥിച്ചശേഷം അടുത്തദിവസം പട്ടം കത്തീഡ്രലിൽ പുണ്യപിതാക്കന്മാരുടെ കബറിടങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. മുൻ വികാരിമാരും, ഇടവക വൈദികരും താമസിച്ചിരുന്ന കേശവദാസപുരം ക്ലർജിഹൗസിലെത്തിച്ച് അവരുടെ ആശീർവാദം വാങ്ങിയ ശേഷം ഫെബ്രുവരി 8ന് കർദ്ദിനാൾ ക്ലീമിസ് ബാവയും യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയും ചേർന്ന്

ശിലാസ്ഥാപനം നടത്തി. ഇടവക ജനങ്ങൾ കോട്ടപ്പള്ളിയിലെത്തി കുടുംബാംഗങ്ങളുടെ കല്ലറകളിൽ പ്രാർത്ഥിച്ച ശേഷം ഓരോ കുടുംബക്കാരും ഓരോ കല്ല് അസ്ഥിവാരത്തിൽ അർപ്പിച്ചു.

മദ്ബഹായുടെ പണി നടക്കുന്നതോടൊപ്പം ഹൈക്കലായിൽ താത്കാലിക ത്രോണോസ് സ്ഥാപിച്ച് 2018 മെയ് 13 വരെ വിശുദ്ധകുർബാന നടത്തിയിരുന്നു. ഒപ്പം തന്നെ മുഖവാരത്തിന്റെ പണി പുരോഗമിക്കുന്നുണ്ടായിരുന്നു. 2017 ആഗസ്റ്റ് 6ന് മുഖവാരത്തിലെ പ്രധാന മിനാറിൽ കുരിശിന്റെ പ്രതിഷ്ഠയും പ്രധാനവാതിലിന്റെ കട്ടിളവെയ്പും രൂപതാദ്ധ്യക്ഷൻ യൂഹാനോൻ തിരുമേനി നിർവ്വഹിച്ചു. 2018 മെയ് 13ന് പാഴ്സനേജിന്റെ രണ്ടാം നിലയിൽ ചാപ്പൽ ക്രമീകരിച്ച് അഭിവന്ദ്യ യൂഹാനോൻ മാർ തിയോഡോഷ്യസ് തിരുമേനി പ്രതിഷ്ഠനടത്തി. 2018 ജൂലൈ 29ന് രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് വെച്ചൂട്ടുപുരയിൽ ക്രമീകരിച്ച ചാപ്പലിന്റെ കൂദാശ നടത്തി.

വലുപ്പത്തിലും, ശിൽപചാതുരിയിലും, ആകർഷകമായ വിന്യാസത്തിലും മലങ്കര സഭയിലെ ഏറ്റവും മനോഹരമായ പള്ളിയ്ക്കുവേണ്ട രൂപകൽപനയും, നിർമ്മാണ വൈദഗ്ധ്യവും സജിയച്ചന്റെ സവിശേഷമായ ആസൂത്രണത്തിന്റെ മികവ് പ്രകടിപ്പിക്കുന്നവയാണ്. പണിയുടെ ഘട്ടങ്ങൾ വളരെ മുൻകൂട്ടി പ്ലാൻ ചെയ്തതിനാൽ ആരാധനയ്ക്കോ, തിരുനാളിനോ, മറ്റു കർമ്മങ്ങൾക്കോ യാതൊരു വിഘ്നവും ഉണ്ടായി ട്ടില്ല. ഹൈക്കലായുടെ നിർമാണവും സമയബന്ധിതമായി പൂർത്തിയാക്കാനാവുമെന്നുറച്ച വിശ്വാസമുണ്ട്. പണിയ്ക്കും വിഭവസമാഹരണത്തിനും ഇടവകജനങ്ങളുടെ സർവ്വാത്മനായുള്ള സഹകരണം ഉറപ്പാക്കുവാൻ അച്ചന്റെ സമയോചിതമായ ഇടപെടലുകൾക്കും താത്പര്യപൂർവ്വമായ നിർബന്ധങ്ങൾക്കും സാധിക്കുന്നുണ്ട്. ഒപ്പം വിശുദ്ധ കുർബാനയും, ആരാധനയും, പ്രാർത്ഥനയും, ജപമാലകളും വഴി ആത്മീയമായ ഒരുക്കങ്ങൾക്കും അദ്ദേഹം പ്രത്യേക നിഷ്ഠപാലിച്ച് ജനത്തെകൂടെ നിർത്തുന്നു. ശ്രമദാനയജ്ഞ ങ്ങളിലൂടെ പള്ളിപണിയിൽ വിയർപ്പൊഴുക്കി സഹകരിക്കുന്ന ജനവും കൃതഹസ്തരാകുന്നു.

2020-മെയ് 1ന് പുതിയ ദേവാലയം മൂറോൻ കൂദാശചെയ്ത് രണ്ടാം തീയതി വിശുദ്ധ കുർബാനയർപ്പിച്ച് തീർത്ഥാടകർക്കുവേണ്ടി സമർപ്പിക്കുവാനുള്ള സമയക്രമീകരണം ഒരു വർഷത്തിനു മുമ്പ് നടത്തി. ദൈവപരിപാലനയിലുള്ള വിശ്വാസവും നിശ്ചയദാർഢ്യത്തോടെയുള്ള പരിശ്രമങ്ങളും ഈ ഉദ്യമത്തെ ഫലമണിയിക്കുമെന്ന് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു, പ്രാർത്ഥിക്കുന്നു. പുതുക്കിപ്പണിയുടെ അവസരത്തിൽത്തന്നെ ഇടവകാംഗങ്ങളായ ഫാ.ഉമ്മൻ അയ്യനേത്ത് (18/01/2015), ഫാ.ഡാനിയേൽ വടക്കേക്കര കോർ എപ്പിസ്കോപ്പാ (02/04/2016), ഫാ.സാമുവേൽ പള്ളിവാതുക്കൽ (16/07/2017) എന്നിവരുടെ മൃതസംസ്കാര ശുശ്രൂഷകൾ ഏറെ അനുഗ്രഹകരമായി നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

ആന്റണിയച്ചൻ ചന്ദനത്തടിയിൽ തീർത്ത് സിമെന്റ്ഫ്രെയിമിൽ പൊതിഞ്ഞായിരുന്നു പഴയ പള്ളിയുടെ പ്രധാനകുരിശ് 22/02/1963ൽ സ്ഥാപിക്കപ്പെട്ടത്. പ്രസ്തുത ചന്ദനക്കുരിശ് അതേ നിലയിൽ കേടുവരാതെ പിഴുതെടുത്ത് ഫാ. ആന്റണി കേളമ്പറമ്പിലിന്റെ സ്മാരകമായി പള്ളിയുടെ കിഴക്കു ഭാഗത്തെ മുറ്റത്ത് സ്ഥാപിച്ചിട്ടുണ്ട്. പള്ളിയ്ക്കു ചുറ്റുമായി 14 കുരിശിന്റെ വഴികൾ 'സ്ലീബാപാത'യായി ക്രമീകരിച്ച് പ്രതിഷ്ഠിക്കുവാനും ഒപ്പം ഗ്രോട്ടോയും ചേർത്ത് പള്ളിമുറ്റവും ദൈവസാന്നിധ്യത്തിന്റെ വിശുദ്ധയിടമായി സൂക്ഷിക്കുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മൂറോൻ മണക്കുന്ന തീർത്ഥാടനപ്പള്ളി ഇന്ന് നമ്മുടെ സ്വപ്നമാണ്. അത് യാഥാർത്ഥ്യമാകുമ്പോൾ ചന്ദനത്തോടൊപ്പം മൂറോനും മണക്കുന്ന പള്ളിയിലേക്ക് അനേകായിരങ്ങൾ തീർത്ഥാടകരായി എത്തുന്നതും നമുക്കു സ്വപ്നം കാണാം. ആ സ്വപ്നത്തിൽ സജിയച്ചൻ എന്നും തിളങ്ങി നിൽക്കും. ആന്റണിയച്ചനെപ്പറ്റി ഇന്നത്തെ തലമുറ ഊറ്റം കൊള്ളുന്നതു പോലെ അടുത്ത തലമുറ പറയും, "ഞങ്ങളുടെ സജിയച്ചന്റെ വിയർപ്പും മണവുമുള്ള ഞങ്ങളുടെ സ്വന്തം പള്ളിയെന്ന്".

**<u>പ്രേഷിതരായ ചന്ദനപ്പള്ളിക്കാർ</u>**

പുനരൈക്യത്തിന്റെ ആദ്യ നാളുകളിൽത്തന്നെ ചന്ദനപ്പള്ളി ഇടവക രൂപീകരിച്ചു. നേതൃത്വം കൊടുത്ത

കുറ്റിയിൽ ഉണ്ണൂണ്ണി, തെങ്ങുവിള കുഞ്ചാണ്ടി, അയ്യനേത്ത് ഫിലിപ്പ് സർ എന്നിവർ ചുറ്റുപാടുള്ള പ്രദേശങ്ങളിൽ പുനരൈക്യത്തിന്റെ സന്ദേശമെത്തിക്കുവാൻ ഏറെ ത്യാഗമനുഷ്ഠിച്ചു കൊണ്ട് പ്രവർത്തിച്ചിരുന്നു. തട്ട, അടൂർ, തുമ്പമൺ, വി-കോട്ടയം, വലഞ്ചുഴി, മല്ലശ്ശേരി, പമ്പുമല, ഏറത്തമ്പമൺ, കൊടുമൺ തുടങ്ങിയ ഇടവകകളുടെ സ്ഥാപനത്തിന് ഇവരുടെ നിരന്തരമായ സന്ദർശനവും ശക്തമായ പ്രേരണയും സഹായകമായി.

കുറ്റിയിൽ ഉണ്ണൂണ്ണിച്ചൻ കൂടലിലെ ചുട്ടിവട്ടത്തച്ചന്റെയും ഇടവകാംഗങ്ങളുടെയും പുനരൈക്യത്തിനു വേണ്ടി ഒരു ബസ്സുക്രമീകരിച്ച് ജനങ്ങളെ തിരുവനന്തപുരം അരമനയിലെത്തിക്കുവാൻ നേതൃത്വം വഹിച്ചിരുന്നു. മാർ ഇവാനിയോസ് പിതാവിനോടൊപ്പം അദ്ദേഹം തെക്കൻ തിരുവിതാംകൂറിൽ മിഷൻ കേന്ദ്രങ്ങളിൽ പോയി പ്രസംഗിച്ചും വിശ്വാസം പഠിപ്പിച്ചും സഹായിച്ചിരുന്നു.

പെരുമല തോമസച്ചൻ വികാരിയായും തട്ട, കൊടുമൺ, വലഞ്ചുഴി, വി-കോട്ടയം പള്ളികളിൽ സേവനമനുഷ്ഠിച്ച് നിരവധിപേരെ പുനരൈക്യപ്പെടുത്തിയിട്ടുണ്ട്. തെങ്ങുവിളയിലച്ചനും, സാമുവേൽ പള്ളിവാതുക്കലച്ചനും, പെരുമല ഗീവർഗ്ഗീസ് അച്ചനും, കുറ്റിയിൽ ജോണച്ചനും തെക്കൻ തിരുവിതാംകൂറിലും മാർത്താണ്ഡത്തും നിരവധി മിഷൻ ആരംഭിയ്ക്കുന്നതിന് നേതൃത്വം വഹിച്ചവരാണ്.

ഓാക്കൂർ ഇടവകയുടെ രൂപീകരണത്തിന് ശെമ്മാശ്ശന്മാരായിരുന്നപ്പോൾ തെങ്ങുവിളയച്ചനും, വടക്കേക്കരയച്ചനും, പള്ളിവാതുക്കലച്ചനും സവിശേഷമായ സ്വാധീനം ചെലുത്തിയവരാണ്. പള്ളിവാതുക്കലച്ചന്റെ സഹോദരി അന്നമ്മയെ വിവാഹം ചെയ്തിരിക്കുന്നത് ഓാക്കൂരിൽ ഇടമണ്ണിൽ മത്തായി ആയിരുന്നു. ഇവരുടെ സന്ദർശനം ഓാക്കൂരിലെ 40 ഓളം കുടുംബങ്ങൾ ഒന്നിച്ച് പുനരൈക്യപ്പെടുന്നതിന് നിമിത്തമായി. 1954 ജനുവരി 29ന് ഓാക്കൂർ സെന്റ് ജോർജ് ഇടവക അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് ചാപ്പൽ കൂദാശ ചെയ്തു കൊണ്ട് ഉദ്ഘാടനം ചെയ്തു.

മദ്രാസ്-പാടി ഇടവകയുടെ രൂപീകരണത്തിലും ഫാ. സാമുവേൽ പള്ളിവാതുക്കലിന്റെ പങ്ക് വലുതായിരുന്നു. ഫാ.സാമുവേൽ പള്ളിവാതുക്കലും അനന്തിരവനായ ഫാ.സാമുവേൽ ഇടമണ്ണിലും ചേർന്ന് മൂന്നരണ്ടമാസം സഹോദരനായ ജോഷ്വയുടെ വീട്ടിൽ താമസിച്ചുകൊണ്ടണ്ട് പാടി ഇടവകയുടെ രൂപീകരണത്തിന് വഴിയൊരുക്കി. ജോഷ്വാ പള്ളിവാതുക്കൽ പാടി ഇടവകയുടെ രൂപീകരണത്തിലും വളർച്ചയിലും നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ടണ്ട്. അദ്ദേഹം പാടി ഇടവകാംഗമാണ്.

ജലന്തർ പാപ്പച്ചനെന്നറിയപ്പെടുന്ന വിളയിൽ പാപ്പച്ചൻ പഞ്ചാബിൽ ജോലി ചെയ്യുകയും കമ്പിനി നടത്തുകയും ചെയ്യുന്നതോടൊപ്പം ജലന്തറിൽ ഇടവക സ്ഥാപിക്കുന്നതിനും ഗുഡ്ഗാവ് രൂപതയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ സജീവമായി നേതൃത്വം വഹിക്കുകയും ചെയ്യുന്നു.

സുനിൽ കോയിക്കലേത്ത് ദോഹ ഇടവകയുടെ സജീവപ്രവർത്തകനാണ്. ജോൺസൺ കുരുവിള കാനഡയിൽ ഇടവകയുടെ സജീവപ്രവർത്തകനാണ്. ബിനു പി ചാക്കോ, ഷിനു ആന്റണിയെന്നിവർ അമേരിക്കയിലും ഇടവക സ്ഥാപനത്തിനും കൂട്ടായ്മ വളർച്ചയ്ക്കും വലിയ നേതൃത്വം വഹിക്കുന്നു. പൂവണ്ണുംവിളയിൽ അപ്പുവും, വിളയിൽ സാബുവും ബോംബെയിലും, അനിൽ സേവ്യർ പൂനയിലും , സാംകുട്ടി കല്ലുവളയത്തിൽ ഡൽഹിയിലും, ഇടവക പ്രവർത്തനങ്ങളിൽ സജീവ നേതൃത്വം വഹിക്കുന്നു. ബാംഗ്ലൂരിൽ ജോയി സ്കറിയ കാഞ്ഞിരവിള, ജെയിംസ് വർഗീസ് പള്ളിവാതുക്കൽ തുടങ്ങിയവർ ഇടവക പ്രവർത്തനങ്ങളിൽ സജീവ പ്രവർത്തകരാണ്. പെരുമല സ്റ്റീഫൻസൺ ഭോപ്പാലിലും, പെരുമല സോമൻ നിലമ്പൂരിലും, ജോസ് ജോൺ കുഴിഞ്ഞയ്യത്ത് തിരുവല്ല കത്തീഡ്രലിലും, ജോസ് പി. ജി. പെരുമല പട്ടം കത്തീഡ്രലിലും സജീവ ഇടവകാംഗങ്ങളായി നേതൃത്വം വഹിക്കുന്നവരാണ്. ബിനു ബാബു, ബിജോ ബാബു, ലിജോ ബാബു തുടങ്ങിയവരും ഗൾഫ് രാജ്യങ്ങളിൽ മലങ്കര കൂട്ടായ്മയെ വളർത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നവരാണ്. ജയിംസ് പാലവിള, ബേബി പാലവിള എന്നിവർ ദുബായ് മലങ്കര കത്തോലിക്കാ കമ്മൂണിറ്റിയ്ക്കും, റോഷൻ രാജൻ, ലാലച്ചൻ കൊച്ചുവിളയിൽ, തുടങ്ങിയവർ വിദേശരാജ്യങ്ങളിൽ

കൂട്ടായ്മകൾക്കും പ്രത്യേക പ്രോത്സാഹനവും നേതൃത്വവും നൽകുന്നു.

ആശ്രമസ്ഥരായ ഫാ. ഗ്രിഗോറിയോസ്, ഫാ. ഷാജൻ കുറ്റിയിൽ, തുടങ്ങിയ വൈദിക ശ്രേഷ്ഠരും പ്രേഷിത പ്രവർത്തനങ്ങളിൽ പ്രത്യേക താത്പര്യത്തോടെ സഹകരിച്ചിരുന്നവരാണ്. സന്യാസിനിയായ അന്തരിച്ച മേരിക്ലയോഫാ തമിഴ്നാട്ടിൽ മിഷൻ പ്രവർത്തനങ്ങളിലേർപ്പെട്ട് അവിടെത്തന്നെ സംസ്കരിക്കപ്പെട്ടിട്ടുണ്ട്. സിസ്റ്റർ ലില്ലിക്കുട്ടിയും ഏറെക്കാലവും തമിഴ്നാട്ടിലെ പ്രവർത്തനത്തിലായിരുന്നു. സിസ്റ്റർ മേരി പ്രതിമ പാറ്റ്നയിലും, സിസ്റ്റർ മെറീന റോമിലും, സിസ്റ്റർ അമല കൽക്കട്ടയിലും പ്രേഷിത ശുശ്രൂഷയിൽത്തന്നെയാണ്. അന്തരിച്ച ഫാ.സാമുവേൽ കാവിലും ഉത്തരേന്ത്യയിൽ പ്രേഷിത പ്രവർത്തത്തിനായി ജീവിതം ഉഴിഞ്ഞുവച്ച വൈദികനായിരുന്നു.

**ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്ത സംഘടനകൾ**

**1. സണ്ടേസ്കൂൾ**

കോട്ടപ്പള്ളിൽ വച്ചു തന്നെ സണ്ടേസ്കൂൾ ആരംഭിച്ചിരുന്നു. ആദ്യത്തെ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചത് അയ്യനേത്ത് ഫിലിപ്പ് സാറായിരുന്നു. ആദീനംപറമ്പിൽ ഗീവർഗീസ്, കുറ്റിയിൽ മത്തായിസാർ, കുളത്തിനാൽ ഉമ്മൻകോശി, തെങ്ങുവിളയിൽ അന്നമ്മ, അയ്യനേത്ത് തോമസ് സാർ എന്നിവർ അധ്യാപകരായിരുന്നു.

മഠം ചാപ്പലിൽ വച്ച് സണ്ടേസ്കൂൾ കുറേക്കൂടി മെച്ചപ്പെട്ടു പെരുമല സേവ്യർ, കുറ്റിയിൽ കൊച്ചുമ്മൻ തുടങ്ങിയവർ അധ്യാപകരായിരുന്നു. കുറ്റിയിൽ മത്തായിസാർ ഹെഡ്മാസ്റ്ററും 1959ൽ മഠം ഉദ്ഘാടനം ചെയ്തതു മുതൽ സിസ്റ്റേഴ്സിന്റെ സേവനവും സണ്ടേസ്കൂളിന് കരുത്തായി. ആദ്യ കുർബാനയ്ക്കു വേണ്ടി മദർ സൈബാർ പഠിപ്പിച്ചുവെന്നും ഗവ. എൽ പി സ്കൂളിൽവെച്ച് സണ്ടേസ്കൂൾ വാർഷികം നടത്തി, കുട്ടികളുടെ കലാപരിപാടികൾ സംഘടിപ്പിച്ചതായും എണ്ണശ്ശേരിൽ ഇ.ജി ബാബു അനുസ്മരിയ്ക്കുന്നു.

1965 മുതൽ സണ്ടേസ്കൂൾ ജംഗ്ഷനിലുള്ള പള്ളിയിൽ വച്ച് നടത്തിത്തുടങ്ങി. പി. സി. ചാക്കോ, സി.എം.ജോർജ്ജ്, കെപി.മാത്യു, റെയ്മോൾജോയി, ഷിബു കെ. ജോയി, സിസിലി തോമസ് തുടങ്ങിയവർ പ്രഥമാധ്യാപകരായിരുന്നു. ഇപ്പോൾ ഡിഗ്രി ക്ലാസ്സുകൾ വരെ അധ്യയനം നടത്തപ്പെടുന്നു. ജയ ജോൺസൺ പ്രഥമാധ്യാപികയായും മറ്റു 15 പേർ അധ്യാപകരായും സേവനം അനുഷ്ഠിക്കുന്നു. 110 വിദ്യാർത്ഥികൾ പഠിക്കുന്നു.

**2. അൾത്താര ശുശ്രൂഷകർ**

കോട്ടപ്പള്ളിയിൽ ആദീനംപറമ്പിൽ ഗീവർഗീസായിരുന്നു ആദ്യത്തെ അൾത്താര ശുശ്രൂഷകൻ. കുളത്തിനാൽ ഉമ്മൻ കോശി, ജോർജ്, ഗീവർഗീസ്, ജിജോ, വിളയിൽ പാപ്പച്ചൻ, കുഴിഞ്ഞയ്യത്ത് ജോസഫ്, വിത്സൻ ചരുവിള, തൈപ്ലാവിള ജോൺസൺ, ചരുവിളയിൽ മോൻസിമാത്യു, തുടങ്ങി നിരവധിപേർ അൾത്താര ശുശ്രൂഷകരായിരുന്നു. ഇപ്പോൾ പുത്തൻവീട്ടിൽ തെക്കേതിൽ വിത്സൻ നേതൃത്വം കൊടുക്കുന്ന 26 അംഗ അൾത്താര ശുശ്രൂഷകർ സജീവരാണ്..

**3. MCYM**

1972 മുതൽ യുവജനപ്രസ്ഥാനം ഇടവകയിൽ പ്രവർത്തിക്കുന്നു. അതിരൂപതയുടെ അഡ്ഹോക്ക് കമ്മറ്റിയിൽ അടൂർ ജില്ലയെ പ്രതിനിധീകരിച്ച് ഇ.എം.ഗീവർഗീസ് അംഗമായിരുന്നു. ജില്ലാ പ്രസിഡന്റായി കുറ്റിയിൽ കെ.എം.ജോയിയും അതിരൂപത വൈസ് പ്രസിഡന്റായി കുറ്റിയിൽ ഷിബു.കെ.ജോയിയും ജനറൽ സെക്രട്ടറിയായി ആന്റണിവിളയിലും പ്രവർത്തിച്ചിരുന്നു. ജോസ് ചന്ദനപ്പള്ളി അതിരൂപതാ ട്രഷറായിരുന്നു. KCYM സിൻഡിക്കേറ്റിൽ ആന്റണി പ്രവർത്തിച്ചിരുന്നു.

1983-84 വർഷങ്ങളിൽ ബഹു.സാമുവേൽ തുണ്ടിയിലച്ചന്റെ പ്രത്യേക താത്പര്യത്തിൽ യുവജനങ്ങൾ മുന്നിട്ടിറങ്ങി സാധുവിവാഹനിധിയും, വിദ്യാഭ്യാസനിധിയും ഏർപ്പെടുത്തി. ഇതിലേക്കായി ഡ്രാമാസ്കോപ്പ്

നാടകങ്ങൾ നടത്തിയും സംഭാവന സ്വീകരിച്ചും ധനശേഖരണം നടത്തി. 2008ൽ രജതജൂബിലി വർഷം ബഹു.കുമ്പുകാട്ടച്ചന്റെ നേതൃത്വത്തിൽ വീണ്ടും നാടകം നടത്തി. ഫണ്ട് ശേഖരിച്ചു. ഇപ്പോൾ 2 ലക്ഷം രൂപ ഫിക്സഡ് ഡിപ്പോസിറ്റുണ്ട്. ഇതിന്റെ പലിശ നിർധനരായവർക്ക് വിവാഹത്തിനും വിദ്യാഭ്യാസത്തിനും സഹായം നൽകി വരുന്നു. 1981ൽ അതിരൂപതാ MCYM കൺവെൻഷനും 1985 ഡിസംബറിൽ അതിരൂപതാ ത്രിദിന ക്യാമ്പും ഇവിടെവച്ച് സംഘടിപ്പിച്ചിരുന്നു. യുവജനവർഷത്തിന്റെ സമാപന സമ്മേളനം 1985 ഡിസംബർ 30ന് നമ്മുടെ പള്ളിയിൽ വച്ച് അതിവിപുലമായി നടത്തപ്പെട്ടു. അഭിവന്ദ്യഗ്രിഗോറിയോസ് തിരുമേനിയും ഡോ. കെ.റ്റി സെബാസ്റ്റ്യനും KCYM ഡയറക്ടർ ഫാ. തോമസ് തലച്ചിറയും മുഖ്യാതിഥികളായിരുന്നു. ക്യാമ്പിന്റെ സമാപനത്തിൽ പങ്കെടുത്തവർക്കെല്ലാം ചന്ദനപ്പള്ളി യൂണിറ്റിന്റെ ഉപഹാരമായി 1986ലെ കലണ്ടർ വിതരണം ചെയ്തു. MCYM ന്റെ ത്രൈമാസികയായ **യുവജ്യോതിസ്** ചന്ദനപ്പള്ളിയിൽ നിന്നുമാണ് ഈ കാലയളവിൽ പ്രസിദ്ധീകരിച്ചിരുന്നത്. ചീഫ് എഡിറ്ററായി ഇ.എം.ഗീവർഗീസ് പ്രവർത്തിച്ചു. J.B.സജിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന നിശാന്ത് പ്രസ്സിലായിരുന്നു മാസിക അച്ചടിച്ചിരുന്നത്. ഇപ്പോൾ 50ൽപരം അംഗങ്ങളടങ്ങുന്ന യുവജനസംഘടന മിജോ ജോയിയുടെ നേതൃത്വത്തിൽ സജീവമായി പ്രവർത്തിക്കുന്നു.

**4. ലീജിയൻ ഓഫ് മേരി**

മഠം ചാപ്പലിൽവച്ച് 1950ൽ ഗീവർഗീസ് പീടികയിലച്ചൻ നേതൃത്വം നൽകി ലീജിയൻ ഓഫ് മേരി സംഘടന പ്രവർത്തനമാരംഭിച്ചു. ഒപ്പം സൊഡാലിറ്റിയും നടത്തിയിരുന്നു. കുളത്തിനാൽ ഉമ്മൻ കോശിയായിരുന്നു ലീജിയന്റെ പ്രസിഡന്റ്. പിന്നീട് കുറ്റിയിൽ കൊച്ചുമ്മൻ പ്രസിഡന്റായിരുന്നു. ജോർജ് പുറത്തൂട്ടച്ചന്റെ നേതൃത്വത്തിൽ ജൂണിയർ പ്രസിദിയവും പ്രവർത്തിച്ചിരുന്നു. ചക്കാലയിൽ ജോൺസാർ ഇതിന്റെ രക്ഷാധികാരിയായിരുന്നു. ഇപ്പോൾ ലീജിയൻ ഓഫ് മേരി വനിതകളുടെ നേതൃത്വത്തിൽ സജീവമായി പ്രവർത്തിക്കുന്നു. കുഞ്ഞൂഞ്ഞമ്മ തങ്കച്ചനാണ് പ്രസിഡന്റ്.

**5. സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി**

1980 മുതൽ ഇവിടെ വിൻസെന്റ് **ഡി പോൾ സൊസൈറ്റി** പ്രവർത്തിക്കുന്നു. 1985ൽ ചന്ദനപ്പള്ളി ഏരിയ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. 2010ൽ പത്തനംതിട്ട സെൻട്രൽ കൗൺസിൽ നിലവിൽ വന്നതോടെ ആസ്ഥാനം നമ്മുടെയിടവകയിൽ താത്കാലികമായി പ്രവർത്തിച്ചുവരുന്നു. KRCCയുടെ കോ-ഓഡിനേറ്ററായി ഇ.എം.ഗീവർഗീസ് ചുമതലയേറ്റപ്പോൾ 2013 മുതൽ 2015 വരെ KRCC യുടെ സെക്രട്ടറി യേറ്റും ഇവിടെയാണ് പ്രവർത്തിച്ചിരുന്നത്. കോൺഫറൻസിന്റെയും ഏരിയാ കൗൺസിലിന്റെയും പ്രഥമപ്രസിഡന്റ് പി.സി. ചാക്കോസാറായിരുന്നു. പത്തനംതിട്ട സെൻട്രൽ കൗൺസിലിന്റെ പ്രഥമപ്രസിഡന്റും ഇടവകാംഗമായ ഇഎം ഗീവർഗീസായിരുന്നു. ചന്ദനപ്പള്ളി ഏറിയാ കൗൺസിൽ പ്രസിഡന്റായി ഗീവർഗീസ് കുളത്തിനാൽ സേവനം ചെയ്തിരുന്നു.

ഇപ്പോൾ ഗീവർഗീസ് കുളത്തിനാൽ പ്രസിഡന്റായി പുരുഷ കോൺഫറൻസും സുജാ തോമസ് പ്രസിഡന്റായി വനിതാ കോൺഫറൻസും, റോയീസ് രാജൻ പ്രസിഡന്റായി യൂത്ത് കോൺഫറൻസും പ്രവർത്തിക്കുന്നു. ആകെ 35 അംഗങ്ങളുണ്ട്.

## 6. MCA

MCA അതിരൂപതയിൽ ആരംഭിച്ചതു മുതൽ ഇവിടെയും ഇടവക യൂണിറ്റ് പ്രവർത്തിക്കുന്നു. പ്രസിഡന്റ് പി.ജി.ജോയി പെരുമലയുടെ നേതൃത്വത്തിൽ പുരുഷന്മാരും വനിതകളും അംഗങ്ങളായുണ്ട്. ഗീവർഗീസ് കുളത്തിനാൽ, വിത്സൻ പാലവിള തുടങ്ങിയവർ അതിരൂപത രൂപതാ ഭാരവാഹികളായി പ്രവർത്തിച്ചുവരുന്നു. വിത്സൻ പാലവിള സഭാലസമിതിയിലും KCF സമിതിയിലും അംഗമാണ്. ഫിലിപ്പ് മാത്യു കിടങ്ങിൽ പന്തളം ജില്ലാ പ്രസിഡന്റായി പ്രവർത്തിക്കുന്നു.

**7. ലേബർ മൂവ്മെന്റ്**

KCBC നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ലേബർ മൂവ്മെന്റിന്റെ ഒരു ശാഖയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന തലത്തിൽ പ്രസിഡന്റായി കുളത്തിനാൽ ഗീവർഗീസ് ചുമതല വഹിച്ചിട്ടുണ്ട്.

**8. പ്രാർത്ഥനാ യോഗങ്ങൾ**

യാക്കോബായ സഭയിൽ ഉണ്ടായിരുന്ന വായനയോഗങ്ങൾ നമ്മുടെ ഇടവകയിലും പ്രാരംഭ ഘട്ടത്തിൽതന്നെ ക്രമീകരിച്ചു പോന്നു. കുറ്റിയിൽ ഉണ്ണൂണ്ണിച്ചനും അയ്യനേത്ത് ഫിലിപ്പ് സാറും തെങ്ങുവിളയിൽ കുഞ്ചാണ്ടിയും വായനകളിൽ സഭാ വിശ്വാസങ്ങൾ പ്രചരിപ്പിക്കുവാൻ ക്ലാസ്സെടുത്തിരുന്നു. ഇവർ ബഥനിയിലും, തിരുമൂലപുരത്തും, പുത്തൻപീടികയിലും മറ്റും പോയി പഠനക്ലാസ്സുകളിൽ പങ്കെടുത്തിരുന്നു. ഇപ്പോൾ ഏഴു പ്രാർത്ഥനാ യോഗങ്ങളാണുള്ളത്. മിക്കവയും ആഴ്ച തോറും സമ്മേളിച്ച് കൂട്ടായ്മ ശക്തി പകരുന്ന വിധത്തിൽ പ്രവർത്തിക്കുന്നു. പ്രാർത്ഥനായോഗം പ്രതിനിധികൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങളുണ്ടെന്നും അവ കൃത്യമായി പാലിക്കണമെന്നും പ്രത്യേക നിഷ്കർഷത ബഹു.സജിയച്ചൻ ബോധ്യപ്പെടുത്തുന്നതിനാൽ ഇവർ വളരെ സജീവമായി ഇടവക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ സഹായിക്കുന്നു.

**9. മാതൃസമാജം**

കോട്ടപ്പള്ളിയിൽ വച്ചു തന്നെ മാതൃസമാജം പ്രവർത്തിച്ചിരുന്നു. ൨൦ം വന്നതോടെ സിസ്റ്റെഴ്സിന്റെ നേതൃത്വത്തിൽ മാതൃസമാജം സജീവമായി. ഫാ. ഗീവർഗീസ് നെടിയത്ത് മാതൃസമാജം ഫലത്താക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇപ്പോൾ 3 ഭാഗങ്ങളിലായി 3 മാതൃസമാജ ഗ്രൂപ്പുകൾ നിലവിലുണ്ട്. ഇവയെല്ലാം ഒത്തൊരുമിച്ച് മാസാദ്യ വെള്ളിയാഴ്ചകളിൽ പള്ളിയിൽ സമ്മേളിച്ച് പ്രവർത്തനം ഏകോപിപ്പിച്ചു വരുന്നു. ഇതിന് നേതൃത്വം നൽകിയത് ബഹു. സഖറിയാസച്ചനായിരുന്നു. ഇടവകാംഗമായ സൂസമ്മ അലക്സ് തെങ്ങുവിള, ലിസാ വിത്സൻ പാലവിള എന്നിവർ രൂപതാ തലത്തിൽ ഭാരവാഹിത്വം നിർവ്വഹിക്കുന്നുണ്ട്.

**തീർത്ഥാടകരുടെ സമർപ്പണവും തീർത്ഥാടനത്തിന്റെ സായൂജ്യവും**

എല്ലാ തീർത്ഥാടനങ്ങളും പുണ്യങ്ങളുടെ സായൂജ്യമാണ് ലക്ഷ്യം വയ്ക്കുക. ആയതിന് തീർത്ഥാടകരുടെ ആത്മസമർപ്പണവും വ്രതനിഷ്ഠമായ അനുഷ്ഠാനങ്ങളും ആവശ്യമാണ്. ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് കത്തോലിക്കാ തീർത്ഥാടനപ്പള്ളിയിൽ ദിനംപ്രതി വന്നു പോകുന്ന തീർത്ഥാടകർ ഇവ രണ്ടിലും സാക്ഷ്യം നൽകുന്നവരാണ്. ചന്ദനപ്പള്ളിയിലെ പൂർവ്വപിതാക്കൾ പെരുനാട്ടിലും മാക്കാംകുന്നിലും തീർത്ഥാടകരായി പോയിരുന്നു. ദൈവദാസൻ മാർ ഇവാനിയോസായിരുന്നു ഇവരുടെ ഗുരുസ്ഥാനീയൻ. മലങ്കര പുനരൈക്യം സാധ്യമായതോടെ ഇവരുടെ തീർത്ഥാടനം കത്തോലിക്കാ വിശ്വാസത്തിലും അനുഷ്ഠാനങ്ങളിലും അതിഷ്ഠിതമായി വളർന്നുവന്നു. നോമ്പ്, ഉപവാസം, സ്ലീബാ പാത, ജപമാല, തിരുഹൃദയ ഭക്തി തുടങ്ങിയവ ഇവിടെ ശക്തിപ്രാപിച്ചു. സീറോ മലബാർ രൂപതാംഗങ്ങളായ ഫാ.തോമസ് കൈതനാൽ, ഫാ.ആന്റണി കേളമ്പറമ്പിൽ എന്നിവരുടെ സ്വാധീനം കത്തോലിക്കാ വിശ്വാസത്തെ ആഴത്തിലുറപ്പിക്കുന്നതിന് പ്രേരണയായി. അതുകൊണ്ടു തന്നെയാണ് 1940 മുതൽക്കേ പൗരോഹിത്യ സന്യസ്ത മേഖലകളിലേക്ക് ഇടവകക്കാരായ ചെറുപ്പക്കാർ കടന്നുവന്നിരുന്നത്.

സണ്ടേസ്കൂൾ ലീജിയൻ, യുവജന പ്രസ്ഥാനം, മാതൃ സമാജം, വിൻസെന്റ് ഡി പോൾ സൊസൈറ്റി, എം സി.എ.തുടങ്ങിയവയ്ക്ക് ആഴത്തിൽ ഇവിടെ വേരോട്ടമുണ്ടായി. 1978ൽ പദയയാത്രയാരംഭിച്ചതു മുതൽ ഇടവകാംഗങ്ങൾ പദയാത്രികരായി പങ്കെടുത്തുവരുന്നു. ഓരോ സംഘടനയ്ക്കും സഭാതലം, അതിരൂപത, രൂപതാതലങ്ങളിലുള്ള നേതൃത്വങ്ങളിലേക്ക് ഇവിടെ നിന്നുള്ള അത്മായർ സ്ഥാനം പിടിച്ചതും ഇവിടെ ഇവയ്ക്ക് ശക്തമായ അടിത്തറയുള്ളതുകൊണ്ടാണ്.

1968 മുതൽ മൂന്നു നോമ്പാചരണവും, 13 മണിക്കൂർ ആരാധനയും, എട്ടു നോമ്പും, ഹാശാ ആഴ്ചയിലെ

സ്ലീബാ പാതയും,  ദിനം പ്രതിയുള്ള ജപമാല പ്രാർത്ഥനയും ഇവിടെ ഭക്താഭ്യാസമായി മാറി. തീർത്ഥാടനത്തിന്റെ മുഖ്യവിഷയം വി. ഗീവർഗീസ് സഹദായോടുള്ള ഭക്തിയാണ്. ചന്ദനപ്പള്ളിയിലെ ക്രൈസ്തവ വിശ്വാസികൾ പുതുപ്പള്ളി പെരുന്നാളിനു സംബന്ധിച്ചിരുന്നു. അവിടെ നിന്നും കൊണ്ടുവന്ന മണ്ണിട്ടാണ് വലിയപള്ളി സ്ഥാപിച്ചതെന്നും ഐതിഹ്യവുമുണ്ട്. ആദ്യത്തെ പള്ളി യാക്കോബായ വിഭാഗത്തിന്റെ വലിയപള്ളിയായിരുന്നു. അത് സെന്റ് ജോർജിന്റെ നാമത്തിലാണ് പ്രതിഷ്ഠിച്ചിരുന്നത്. വി.ഗീവർഗീസിന്റെ പെരുന്നാൾ മേടം 24, 25 തീയതികളിൽ അവിടെ ആഘോഷപൂർവ്വം നടത്തിയിരുന്നു.

മലങ്കരയുടെ ചന്ദനപ്പള്ളിയിടവകയും സെന്റ് ജോർജിന്റെ നാമത്തിലാണ്. സ്ഥാപിച്ചത്. ഇവിടെ മേടം 23, 24 തീയതികളിൽ സെന്റ് ജോർജ്ജിന്റെ പെരുന്നാൾ ആചരിച്ചിരുന്നു. ഇപ്പോഴും പ്രധാന തിരുനാൾ മേടം 23, 24 തീയതികളിലാണ് നടത്തുന്നത്. ഇപ്പോൾ മെയ് 1 മുതൽ 8 വരെ ചന്ദനപ്പള്ളി ഓർത്തഡോക്സ് വലിയ പള്ളിയിലും, കത്തോലിക്കാപള്ളിയിലും തിരുനാളാഘോഷം വിപുലമാക്കിയിട്ടുണ്ട്. വർഷം തോറും തീർത്ഥാടകരുടെ വരവ് അധികരിച്ചു വരുന്നു. വിദൂരങ്ങളിൽ നിന്നുപോലും വിശ്വാസികൾ നേർച്ച നേർന്ന് പെരുന്നാളിന് സംബന്ധിക്കും. ചന്ദനപ്പള്ളിയിൽ നിന്നുള്ള പ്രവാസികൾ പെരുന്നാളിനു എത്തുവാൻ പ്രത്യേക നിയോഗം സൂക്ഷിക്കുന്നവരാണ്. പ്രവാസികൾക്കുവേണ്ടി ഒരു ദിവസം തന്നെ നീക്കി വയ്ക്കുന്നു.

തിരുനാൾ റാസ, കുട, പ്രദക്ഷിണം, കുരിശെടുപ്പ്, ചെമ്പിൽ അരിയിടൽ, കോഴി, ആട്, മാട് നേർച്ച, പിടിപ്പണം, അടിമവെയ്ക്കൽ, തിരുസ്വരൂപക്കാഴ്ചവെപ്പ് തുടങ്ങിയ നേർച്ചയനുഷ്ഠാനങ്ങളാണ് ഇവിടെ കീഴ്വഴക്കമായി നിലനിർത്തിപ്പോരുന്നത്. വി.കുർബാന നിയോഗവും അതിശക്തമായാണ് നടത്തിവരുന്നത്. പുരോഹിതന്മാരുടെ കൈവയ്പ്പ് പ്രാർത്ഥനയ്ക്ക് വിശ്വാസികൾ കൂടിക്കൂടിവരുന്നു. മെയ് 7-ാം തീയതിയിലുള്ള നേർച്ച സദ്യയിൽ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കും. ഏപ്രിൽ അവസാന ഞായറാഴ്ച പള്ളിയിലും 20ഠ ചാപ്പൽ കുരിശ്ശടിയിലും  കൊടിയേറ്റുന്നതോടെ തിരുന്നാളാഘോഷത്തിനു തുടക്കമാകും. വിവിധ ദിനങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ വി.കുർബാനയ്ക്ക് നേതൃത്വം വഹിക്കും. പ്രധാനദിനമായ ഏഴാം തീയതിയിൽ വി. സമൂഹബലിയാകും നടത്തുക. അന്നേദിവസം നടത്തുന്ന ചെമ്പെടുപ്പു റാസയ്ക്ക് സംബന്ധിക്കുന്നതിന് അനേകം വിശ്വാസികൾ വിദൂരങ്ങളിൽ നിന്നെത്തുന്നതും ചന്ദനപ്പള്ളിയുടെ പ്രത്യേകതയാണ്. കൊടിയിറക്ക് പെരുന്നാൾ എട്ടാമിടമായി റാസയോടെ സമാപിക്കുമ്പോൾ തിരുന്നാളാഘോഷത്തിന് പരിസമാപ്തിയാകും.

തിരുനാളിനെത്തി നേർച്ച സമർപ്പിച്ച്  മധ്യസ്ഥ പ്രാർത്ഥന നടത്തുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയാണ്. മക്കളില്ലാത്തവർക്ക് മക്കളുണ്ടാവുമ്പോൾ അവരെയും കൂട്ടി വന്ന് സാക്ഷ്യപ്പെടുത്തുന്നവർ, വിവാഹതടസ്സം മാറി വിവാഹം നടന്നവർ, ജോലി, വിസ തുടങ്ങിയവ ലഭിക്കുന്നവർ, ആദ്യശമ്പളം നൽകി നന്ദി രേഖപ്പെടുത്തുന്നവർ, രോഗസൗഖ്യം ലഭിച്ചവർ നേരിട്ടു വന്ന് സാക്ഷ്യം  പറയുന്നവർ തുടങ്ങി നിരവധി പേരുടെ തീർത്ഥാടന സായൂജ്യം ഇവിടെ അനുഭവേദ്യമാണ്.

4 വർഷമായി രണ്ടാം ശനിയാഴ്ചകളിൽ നടത്തപ്പെടുന്ന ഗത്സമൻ ധ്യാനത്തിലും ധാരാളം പേർക്ക് അനുഗ്രഹങ്ങൾ ലഭിക്കുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ദേവാലയ നിർമ്മാണത്തോടു ചേർന്ന് ആത്മീയമായ മുന്നേറ്റമാണ് ഇവിടെ കാണാനാകുന്നത്. ദിനംപ്രതി അമ്പതിലേറെ  പേരും വെള്ളി, ശനി ദിവസങ്ങളിൽ നൂറിൽപ്പരം പേരും വി.കുർബാനയിൽ പങ്കെടുക്കുന്നു. ദേവാലയ നിർമ്മാണത്തിന്റെ നിയോഗമായി എല്ലാ ബുധനാഴ്ചകളിലും വി.കുർബാന അർപ്പിക്കുന്ന വിശ്വാസികളുമുണ്ട്. മാസാദ്യ വെള്ളിയാഴ്ചകളിൽ അമ്മമാർ ഒന്നിച്ചുവന്ന് വി.കുർബ്ബാനയിൽ സംബന്ധിച്ച് ദേവാലയനിർമ്മാണത്തിനു വേണ്ടി ജപമാല ചൊല്ലി മാദ്ധ്യസ്ഥം തേടും. ശനിയാഴ്ചകളിൽ രാവിലെ നിത്യസഹായ മാതാവിന്റെ നൊവേനയും വൈകിട്ട് വി. ഗീവർഗീസ് സഹദായുടെ മാദ്ധ്യസ്ഥ പ്രാർത്ഥനയും വി.കുർബാനയുടെ ആരാധനയും ക്രമമായി നടത്തുന്നു.

**മൂറോൻ മണക്കുന്ന തീർത്ഥാടനപ്പള്ളി**

നമ്മുടെ സ്വപ്നവും, ദൈവത്തിന്റെ സമ്മാനവുമായ പുത്തൻപള്ളിയുടെ മൂറോൻ കൂദാശയുടെ ദിനങ്ങൾ

എത്തിയല്ലോ. ഇടവക തുടക്കം മുതൽക്കേ ജീവകാരുണ്യ ശുശ്രൂഷയിലും ശ്രദ്ധിച്ചിരുന്നു. വന്ദ്യനായ ആന്റണി കേളമ്പറമ്പിലച്ചൻ പള്ളിപണിയോടൊപ്പം നിർദ്ധനരായ ഇടവകാംഗങ്ങൾക്ക് ഭവനനിർമ്മാണത്തിനും പുനരുദ്ധാരണത്തിനും സഹായിച്ചിരുന്നു. ബഹു.സാമുവൽ തുണ്ടിയിലച്ചൻ 37 വർഷം മുമ്പാരംഭിച്ച സാധുവിവാഹനിധിയും വിദ്യാഭ്യാസനിധിയും ഇന്നും നിലനിൽക്കുന്നു. പുത്തൻപള്ളിയുടെ നിർമ്മാണഘട്ടത്തിലും ചെറുതും വലുതുമായ നിരവധിസഹായങ്ങൾ, പ്രത്യേകിച്ചും ചികിത്സാസഹായം നമ്മൾ ചെയ്യുന്നത് കരുണയുടെ മുഖം ദൈവത്തിന്റെ രൂപമായി നമുക്കു വെളിപ്പെടുന്നതുകൊണ്ടാണ്.

**നവതി നിവേദ്യം**

നവതിയുടെ നിറവിലാകുമ്പോൾ നവതി നിവേദ്യം എന്ന പേരിൽ ചില എൻഡോവ്മെന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട് .നമ്മുടെ പ്രിയപ്പെട്ടവരുടെ പേരിൽ അവരുടെ ഓർമ്മയ്ക്കായി നിശ്ചിത തുക സമർപ്പി ക്കാം. തുക നൽകുന്നവർ നിർദേശിക്കുന്ന പേരിൽ, എൻഡോവ്മെന്റാക്കി സൂക്ഷിക്കും. അവയുടെ പലിശ വർഷം തോറും ജീവകാരുണ്യസഹായമായി വിതരണം ചെയ്യും. ആഗസ്റ്റ് 15ന് അത്യുന്നത കർദ്ദിനാൾ ക്ലീമിസ് മാർ ബസ്സേലിയോസ് കാതോലിക്കാബാവ നവതി നിവേദ്യം സ്വീകരിച്ചുകൊണ്ട് ഔപചാരികമായി ഉദ്ഘാടനംചെയ്യും. നാല് പ്രത്യേക നിയോഗങ്ങൾക്കാണ് നിവേദ്യം സ്വീകരിക്കുക. ഇടവകയ്ക്ക് മറക്കാനാവാത്ത മൂന്ന് വികാരികളുടെ പേരിലാവും ഇവ അറിയപ്പെടുക..

ആന്റണി കേളമ്പറമ്പിലച്ചൻ സ്മാരകപാർപ്പിടനിധി,

സാമുവൽ തുണ്ടിയിലച്ചൻ സ്മാരക വിവാഹ - വിദ്യാഭ്യാസ, നിധികൾ

സജി മാടമണ്ണിലച്ചൻ സ്മാരക ചികിത്സാനിധി എന്നിങ്ങനെ അറിയപ്പെടുന്നവയാണ് പദ്ധതികൾ

**മൂറോൻ പ്രസാദം**

മൂറോൻ കൂദാശയുടെ സന്തോഷം ഏതാനും നിർദ്ധനർക്ക് മൂറോൻ പ്രസാദമായി നൽകി സഹായിക്കും. വിവാഹം, വിദ്യാഭ്യാസം, ചികിത്സ, ഭവനനിർമ്മാണം, പുനരുദ്ധാരണം, തൊഴിൽ സഹായം, ദത്തുകുടുംബ സഹായം തുടങ്ങിയ കാര്യങ്ങൾക്കാവും തുകനൽകുക. 5 പേർക്കുള്ള വിവിധ സഹായങ്ങൾ 2021 മേയ് 6ന് വി.കുർബ്ബാനയ്ക്കു ശേഷം അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് വിതരണം നിർവ്വഹിച്ചു. മൂറോൻ കൂദാശയ്ക്കുശേഷം ആഗസ്റ്റ് 15ന് രൂപതാദ്ധ്യക്ഷൻ 5 പേർക്ക് മൂറോൻ പ്രസാദം വിതരണം ചെയ്തു. അദ്ദേഹം 3 പേരിൽ നിന്നും 3.75 ലക്ഷം രൂപ സ്വീകരിച്ചുകൊണ്ട് നവതി നിവേദ്യം പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

**ഒരുമയുടെ സംഘഗാനം**

ദേവാലയ നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും കുട്ടികളും സ്ത്രീകളും ഉൾപ്പടെയുള്ളവർ നടത്തുന്ന ശ്രമദാനയജ്ഞങ്ങൾ ഇടവക കൂട്ടായ്മയുടെ വലിയ സാക്ഷ്യമാണ് നൽകുന്നത്. വികാരിയുടെ ആസൂത്രണവും സംഘാടനവും പണിക്കാരുടെയും തൊഴിലാളികളുടെയും ഉത്സാഹം വർദ്ധിപ്പിക്കും. യുവ ജനങ്ങളും ദേവാലയ നിർമ്മാണ കമ്മറ്റിയും ഇടവക കമ്മറ്റിയും ഏറെ സജീവമായി നിർമ്മാണ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്നു. ഒരുമയുടെ സംഘഗാനം, പെരുമയുടെ പുകഴ്ചയിലേക്ക് എന്നതാണ് ചന്ദനപ്പള്ളിയുടെ ദേവാലയ നിർമ്മാണത്തിന്റെ മുഖമുദ്രയും ഉണർത്തുപാട്ടും. ചന്ദനപ്പള്ളിയുടെ ഈ മുഴക്കം സഫലതയുടെ സായൂജ്യത്തിലേക്ക് നമ്മെ നയിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. മൂറോൻ മണക്കുന്ന തീർത്ഥാടനപ്പള്ളിയാകട്ടെ നമ്മുടെ മുദ്ര. ചന്ദനഗന്ധവും മൂറോൻമണവും അനേകായിരങ്ങൾക്ക് പുണ്യപ്രസാദമാകട്ടെ.

**ഇടവകയുടെ അഭിമാനങ്ങൾ**

**സാഹിത്യകാരന്മാർ** ഡി. അയ്യനേത്ത്

| | |
|---|---|
| | ഓ. അയ്യനേത്ത് |
| | ഡോ. ജി. അയ്യനേത്ത് |
| | പീ. അയ്യനേത്ത് |
| | ഡോ.ജിബു അയ്യനേത്ത് |
| | ജോസ് ചന്ദനപ്പള്ളി |
| | ഇ.എം.ജി ചന്ദനപ്പള്ളി |
| | മനോജ് ഏബ്രഹാം |
| | ആന്റണി ചന്ദനപ്പള്ളി |
| | ലിൻഡാ സി. ഡൊമിനിക്ക് |
| | ജീസാറാണി |
| **<u>സിനിമ</u>** | ഡിനി മാത്യൂസ് കിടങ്ങിൽ (സീരിയൽ ആർട്ടിസ്റ്റ്) |
| | ജമിൻ ജോം അയ്യനേത്ത് (ഛായാഗ്രാഹകൻ ) |
| | മനോജ് ഏബ്രഹാം പാലവിളയിൽ (ഡയറക്റ്റർ) |
| **<u>മാധ്യമ മേഖല</u>** | തോമസ് പെരുമല, (മാധ്യമം) |
| | റ്റിജോ തോമസ് അയ്യനേത്ത് (NEWS EDITOR , CNN) |
| | ജാക്സൺ ബാബു പെരുമല (ദീപിക) |

<u>**സോഫ്റ്റ്വെയർ ഗവേഷണം**(കംപ്യൂട്ടർ)</u>

| | |
|---|---|
| | കോരാ ബാബു എണ്ണശ്ശേരിൽ |
| **ഗായകർ** | ലിബിൻ സി. ഡൊമിനിക്ക് ചക്കിട്ടതിൽ |
| | നിത്യാ ബാബുജി വടക്കേക്കര |
| | നവ്യാ ബാബുജി വടക്കേക്കര |
| | റ്റീനാ തോമസ് അയ്യനേത്ത് |
| | സിസ്റ്റർ സുഷ്മ SIC |
| | ജീന ജോയി കുളത്തിനാൽ |
| | മേഘാ കുഞ്ഞുമോൻ പെരുമല |
| | ട്രീസാ ആന്റണി വിളയിൽ |
| | മാത്യൂസ് ഫിലിപ്പ് കിടങ്ങിൽ |
| | റാണിമേരി ഫിലിപ്പ് കിടങ്ങിൽ |
| **<u>ആരോഗ്യമേഖല</u>** | ഡോ. ജിൻസ് ആൻ ജോസ് എണ്ണശ്ശേരിൽ MBBS |

| | |
|---|---|
| | ഡോ. ക്രിസ്റ്റി ജി. കുളത്തിനാൽ MBBS |
| | ഡോ. ചെൽസി ജി. കുളത്തിനാൽ BDS |
| **ഡിഫൻസ്** | Col. ഡി.തോമസ് എണ്ണശ്ശേരിൽ 18th Maratta, CO, Kashmir |

## VICARS SERVED

| | | |
|---|---|---|
| 1. Fr. Zacharias Ezhiyath | - | 1932-42, 1948-49 |
| 2. Fr. Thomas Perumala | - | 1942-1948 |
| 3. Fr. Geevarghese Peedikayil | - | 1949-1951 |
| 4. Fr. Thomas Kaithanal | - | 1952-1955 |
| 5. Fr. Antony Kelamparambil | - | 1955-1976 |
| 6. Fr. Mathew Kalayil | - | 1977 |
| 7. Fr. Mathew Ponmelil | - | 1978-1981 |
| 8. Fr. Samuel Thundiyil | - | 1981-1985 |
| 9. Fr. Mathew Vazhappilleth | - | 1985-1986 |
| 10. Fr. Abraham Valuparampil | - | 1987-1988 |
| 11. Fr. George Purathoott | - | 1989-1992 |
| 12. Fr. Geevarghese Nediyath | - | 1993-2000 |
| 13. Fr. Geevarghese Charuvila | - | 2001 |
| 14. Fr. Thomas Poovannal | - | 2001-2007 |
| 15. Fr. Thomas Kumbukkat Cor-Episcopa | - | 2007-2008 |
| 16. Fr. Sebastian Ambasseril | - | 2009-2010 |
| 17. Fr. Joshy Vazhappilleth | - | 2010-2011 |
| 18. Fr. Abraham Vavolimepurath | - | 2012 |
| 19. Fr. Zacharias Nediyakalayil | - | 2013-2014 |
| 20. Fr. Geevarghese Madamannil | - | 2014 |